
# ബൈബിൾ
# ടൂത്



ALMOST FREE !

Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to,

Editor

THE BIBLE TEACHER

C–22 N. D. S. E.2

New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE *** J. C. CHOATE

*** *** ***

Published by church of christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 4 July 1990 No. 4





സുവിശേഷ വേലക്കാരായി നിങ്ങളുടെ വീട്ടിൽ ബൈബിളുമായി കയറിവരുന്ന എല്ലാവരേയും നിങ്ങൾ സ്വീകരിക്കുമോ? പല രീതിയിലും വേഷത്തിലും നടക്കുന്നവരുണ്ട്. സാധാരണക്കാരുടെ വേഷത്തിൽ ഔദ്യോഗിക പദവിയെ വിളിച്ചോതുന്ന വേഷഭൂഷാദികളിൽ ഒക്കെ അവർ നിങ്ങളെ സമീപിച്ചെന്നിരിക്കാം. തന്ത്രപരമായി സൗമ്യതയുടെ വേഷം ധരിച്ച് വരുന്നവരും ഇക്കൂട്ടത്തിൽ കാണാം. എന്നാൽ ആരെല്ലാം വരുന്നു, എങ്ങനെവരുന്നു എന്നു ഗണ്യമാക്കാതെ അവർ എന്തു പാഠിപ്പിക്കുന്നവരാണ്, അഥവാ അവരുടെ ഉപദേശം ബൈബിളിനു നിരക്കുന്നതാണോ? അവർ ബൈബിളിലെ വാക്യങ്ങളെ, സന്ദർഭങ്ങളെ മാറ്റി, വളച്ചൊടിച്ച് സംസാരിക്കുകയാണോ എന്നീ കാര്യങ്ങൾ ശ്രദ്ധിക്കാൻ മറക്കരുത്. യേശുക്രിസ്തുവിന്റേയും അപ്പൊസ്തലൻമാരുടേയും ഉപദേശങ്ങളെ സംശയിപ്പിക്കത്തക്ക തർക്കങ്ങളും വാഗ്വാദങ്ങളും ഉന്നയിക്കുന്നവരെ വിട്ടൊഴിച്ചുകൊൾക. ക്രിസ്തുവിന്റെ ഉപദേശവും കൊണ്ടല്ലാതെ മറ്റൊരുപദേശവും കൊണ്ട് ആരെങ്കിലും നിങ്ങളുടെ വീട്ടിൽ വന്നാൽ അങ്ങനെയുള്ളവരെ കൈക്കൊള്ളരുതെന്നു ദൈവ വചനം നമ്മെ മുന്നറിയിച്ചിരിക്കുന്നു. ഇതിനെതിരായി പ്രവർത്തിക്കുന്നവർ ദൈവമുൻപാകെ കുറ്റക്കാരാണ്.

പി.കെ. വർഗീസ്

# ഞാൻ ആര്?

**ജെ. സി. ചോട്ട്**

അടുത്തകാലത്തു ധാരാളം ആളുകൾ തങ്ങളുടെ വേരുകൾ കണ്ടെത്തുന്നതിൽ താല്പര്യമുള്ളവരാണെന്നു കാണുന്നു. അതായത് അവരുടെ പിതാക്കൻമാരെക്കുറിച്ചും പൂർവ്വപിതാക്കളെ കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു വരുന്നു. അപ്രകാരം അവരുടെ ആവിർഭാവം എവിടെ നിന്ന് എന്നു കണ്ടുപിടിക്കുവാൻ ശ്രമിക്കുകയാണ്. അതു വളരെ രസാവഹവും നല്ലതുമാണ് എന്നതിൽ സംശയമേയില്ല. അത്തരത്തിലുള്ള ഒരു ശ്രമത്തിന്റെ ഫലമായി ഞാൻ മനസ്സിലാക്കിയ കാര്യങ്ങൾ ചുരുക്കി വ്യക്തമാക്കട്ടെ. എനിക്ക് എന്നെക്കുറിച്ച് അറിയാവുന്ന വസ്തുതകൾ വിവരിക്കാം.

ദൈവം മനുഷ്യനെയും സ്ത്രീയെയും സൃഷ്ടിച്ചു; അവന് ആദാം എന്നു പേരിട്ടു-(ഉല്പത്തി 5;1,2). എല്ലാവരും അവരുടെ പിൻഗാമികളാണ്. അങ്ങനെ ഞാൻ ആദാമിന്റെ മകനായി തീർന്നു. അനേക തലമുറകൾ കടന്നു പോയി എന്നതും എടുത്തു പറയേണ്ട കാര്യമാണ്.

ഞാൻ ദൈവത്തിന്റെ സൃഷ്ടിയാണ്. സകലത്തിന്റേയും സൃഷ്ടാവ് ദൈവമാണ്. നാം ഇങ്ങനെ നിലനിൽക്കേണ്ടതിനു വെറുതെ സംസാരിച്ചു ഉത്ഭവിപ്പിക്കുകയല്ല ചെയ്തത്. മറിച്ച് പ്രകൃതി നിയമമനുസരിച്ച് എന്നെ സൃഷ്ടിക്കുകയായിരുന്നു. കാരണം ആരംഭം മുതൽ പ്രകൃതിനിയമമനുസരിച്ച് പ്രത്യുല്പാദനം തുടരേണ്ട വിധത്തിലാണ് ദൈവം തന്റെ സൃഷ്ടി നടത്തിയത്.

(ഉല്പത്തി 1:26-28).

ഞാൻ ഒരു ആത്മീയ ജീവിയാണ്. പറഞ്ഞിട്ടുള്ളതു പോലെ എന്നിൽ ഒരാത്മാവ് ഉണ്ട്. ആ ആത്മാവിന് സർവ്വലോകത്തെക്കാളും വില പിടിപ്പുണ്ട്. അത് നിത്യസ്വഭാവത്തോടു കൂടിയതാണ്. ക്രിസ്തു പറഞ്ഞു, ''ഒരു മനുഷ്യൻ സർവ്വലോകവും നേടിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? അല്ല,

തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും? (മത്തായി. 16;26)

ഞാൻ ഒരു പാപിയാണ്. പാപം കൂടാതെ ഞാൻ ഈ ലോകത്തിലേക്കു വന്നു. ഞാൻ എന്റെ പൂർവ്വ പിതാക്കന്മാരിൽ ആരുടേയും പാപം വഹിക്കുന്നില്ല. അല്ലെങ്കിൽ ആദാമിന്റെ പാപം എന്നിലേക്കു വന്നിരുന്നില്ല; ജന്മത്തിൽ, എന്നാൽ നന്മതിന്മകളെക്കുറിച്ച് അറിയാവുന്ന പ്രായമെത്തിയപ്പോൾ ഞാൻ നന്മക്കു പകരം തിന്മ തിരഞ്ഞെടുത്തു. അങ്ങനെ പാപിയായിത്തീർന്നു. കൂടാതെ എന്റെ പ്രവൃത്തികൾക്കു ഞാൻ തന്നെ ഉത്തരവാദിയായി തീർന്നു. അങ്ങനെ സകല മനുഷ്യരും പാപികളായി മാറി എന്ന് പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നു (റോമർ 3:23). അതു ബോദ്ധ്യമായപ്പോൾ ദൈവത്തിന്റെ അരുളപ്പാടുകൾ അനുസരിച്ചാൽ പാപങ്ങൾക്കു മോചനം ലഭിക്കുമെന്നു ബൈബിളിൽ നിന്നു മനസ്സിലാവുകയും അവനെ അനുസരിക്കുകയും ചെയ്തു. എങ്കിലും ഞാൻ ഒരു മനുഷ്യനാണ്. പൂർണ്ണനല്ല. അതുകൊണ്ട് എന്നിൽ പാപമില്ല എന്നു ഞാൻ പറഞ്ഞാൽ ഞാൻ എന്നെ തന്നെ വഞ്ചിക്കുകയാണ് ചെയ്യുന്നത്.

ഞാൻ ഒരു ദൈവ വിശ്വാസിയാണ്. ദൈവമുണ്ടെന്നും അവൻ സകലത്തേയും സൃഷ്ടിച്ചു എന്നും ഞാൻ വിശ്വസിക്കുന്നു (ഉല്പത്തി 1;1). ദൈവമില്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു

(ശേഷം 27-ാം പേജിൽ)

# ഉപകരണ സംഗീതം

എം. കെ. കുര്യൻ

ക്രിസ്തീയ ആരാധനയിലും മററു സഭായോഗങ്ങളിലും ഉപകരണങ്ങളോടു കൂടിയ സംഗീതങ്ങൾ ഇന്ന് ഏററവും പ്രചാരത്തിലായിരിക്കുന്ന ഒരു കാലഘട്ടമാണ്.

എന്നാൽ തിരുവചനം വെളിപ്പെടുത്തുന്നതു ക്രിസ്തീയ ആരാധനയിലും മററു സഭായോഗങ്ങളിലും സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നത് വ്യർത്ഥമാണെന്നാണ്. ഇതേക്കുറിച്ചു സംസാരിക്കുമ്പോൾ അവർ പറയുന്നത് സ്വർഗ്ഗത്തിൽ പോലും സംഗീത ഉപകരണങ്ങൾ ഉണ്ടെന്നാണ്. ഇതിൽ നിന്നും സ്വർഗ്ഗത്തെക്കുറി

ച്ചും ദൈവത്തെക്കുറിച്ചും അവർക്കുള്ള അജ്ഞത എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാം. ''സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വന്നിരിക്കുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്ക്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവ് ആകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം'' എന്ന് യേശുക്രിസ്തു പഠിപ്പിച്ചു (യോഹ. 4:23-24). അനാചാരങ്ങളോടു കൂടിയ പഴയ നിയമാനുസരണമുള്ള ആരാധനക്കു നീക്കം വരുത്തിട്ടു ദൈവത്തിനു പ്രസാദമുള്ള പുതിയ നിയമ ആരാധന നിലവിൽ വരുന്നതിനെ പററിയാണ് ക്രിസ്തു ഇപ്രകാരം പഠിപ്പിച്ചത്.

ആത്മാവിലും സത്യത്തിലും ഉള്ള ആരാധനയെക്കുറിച്ച് ചിലർ പഠിപ്പിക്കുന്നതു ഹൃദയാംഗമായ ഒരു ആരാധനയാണതു എന്നാണു. എങ്കിലും തങ്ങളുടെ അജ്ഞതയെക്കുറിച്ചു ബോധവാന്മാരല്ലാതെഹൃദയാംഗമായി ദൈവത്തെ ആരാധിക്കുന്നവർ ഇന്നു എല്ലാ സമുദായ വിഭാഗങ്ങളിലും എല്ലാ മതങ്ങളിലും ധാരാളമുണ്ടു. എന്നാൽ അവരുടെ ആരാധന വ്യർത്ഥമത്രേ (മത്താ. 15:8.9). മാത്രമല്ല ''നിങ്ങൾ വീണാനാദത്തോടെ വ്യർത്ഥ സംഗീതം ചെയ്തു ദാവീദ് എന്നപോലെ വാദിത്രങ്ങളെ ഉണ്ടാക്കുന്നു.'' എന്നു പഴയ നിയമവും പഠിപ്പിക്കുന്നു (ആമോസ്. 6.5). എന്നാൽ ഞാൻ ആത്മാവു കൊണ്ടു പ്രാർത്ഥിക്കും; ബുദ്ധി കൊണ്ടും പ്രാർത്ഥിക്കും; ആത്മാവുകൊണ്ടു പാടും: ബുദ്ധികൊണ്ടും പാടും'' എന്നിങ്ങനെ അപ്പോസ്തലൻ പറയുന്നു (1 കൊരി. 14:15). ആയതിനാൽ ആത്മാവു കൊണ്ടും ബുദ്ധികൊണ്ടും പുതിയ നിയമാനുസരണം ദൈവത്തെ ആരാധിക്കുന്ന ഒരു സമ്പ്രദായമാണു ആത്മാവിലും സത്യത്തിലുമുള്ള ആരാധന. (മത്താ. 15:6,7).

സത്യക്രിസ്ത്യാനികളിൽ ദൈവാത്മാവു വസിക്കുന്നു. അവർ ദൈവത്തെ ആരാധിക്കുന്നതു ആത്മാവിലും സത്യത്തിലും ആകുന്നു. ആത്മീകമായി സത്യ ക്രിസ്ത്യാനികൾ ചെയ്യുന്നതെല്ലാം തന്നേ ഹൃദയപൂർവ്വമാണു, അല്ലെങ്കിൽആയിരിക്കണം.സന്ദർഭോചിതമായപാട്ടും, പ്രാർത്ഥനയും, പ്രസംഗവും, ഉപദേശവും എല്ലാം ആത്മാവുകൊണ്ടും ബുദ്ധികൊണ്ടും ഉള്ളതാണു. ഹിന്ദി, ഇംഗ്ലീഷ് മുതലായ ഭാഷകൾ അല്പം പോലും അറിയാത്ത നിരവധിയാളുകൾ വികാരഭരിതരായി ആ ഭാഷകളിലുള്ള ഉപ്പകരണ സംഗീതങ്ങളിൽ ആനന്ദിച്ചാടാറുണ്ട്. പല തരത്തിലുള്ള രാഗങ്ങളും സ്വരമാധുര്യവുമാണു ഇപ്രകാരമുള്ള വികാരങ്ങൾ ഉളവാക്കുന്നതു. കാരണം ഭക്തി ഗീതങ്ങളിലും സിനിമാ പാട്ടുകളിലും ഇപ്രകാരം അതിന്റെ അർത്ഥമെന്തെന്നുപോലും ചിന്തിക്കാതെ, അറിയാതെ മനുഷ്യർ അതുകേട്ടു ആനന്ദിച്ചു ഉല്ലാ

സിച്ചു പോകുന്നു. ആയതിനാൽ ഉപകരണ സംഗീതം ആത്മീകവുമായി കൂട്ടിക്കുഴയ്ക്കുന്നതു സത്യക്രിസ്ത്യാനികൾക്ക് ഉചിതമല്ല. ദൈവത്തെ പ്രസാദിപ്പിക്കുവാൻ സംഗീത ഉപകരണങ്ങൾ പ്രയോജനപ്പെടുന്നില്ല. നിങ്ങളുടെ പാട്ടിന്റെ സ്വരമാധുര്യത്തിൽ ദൈവം മയങ്ങിപ്പോകുകയുമില്ല.

പ്രിയ സ്നേഹിതരേ, ദൈവത്തിന്നു മനുഷ്യരേപ്പോലെ വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല. നാം അവന്റെ സൃഷ്ടികളിൽ ഒരു വിധം ആദ്യഫലമാകേണ്ടതിന്നു അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു; (യാക്കോ.1:16-18). അവൻ ഉപകരണമായി ഇച്ഛിക്കുന്നതു നിർമ്മലമായ ഒരു ഹൃദയമാണ്. എന്തു കൊണ്ടെന്നാൽ ദൈവാത്മാവിന്റെ വാസസ്ഥലമാണത് (1 കൊരി 3:16). '' സങ്കടമേ ജഗം-ചഞ്ചലമേ, യകം-സംഗീതമേ സുഖമേ'' എന്നുള്ള സംഗീതത്തിന്റെ സാരാംശം ഒരു യാഥാർത്ഥ്യമാണ്. നല്ല സംഗീതങ്ങൾ കേൾക്കുമ്പോൾ അനവധിയാളുകൾ പരിസര ബോധംപോലുമില്ലാതെ ആനന്ദ ലഹരിയിൽ മതിമയങ്ങിപ്പോകാറുണ്ട്. എന്നാൽ പാട്ടുപാടുമ്പോൾ അതിന്റെ സ്വരമാധുര്യത്തിലല്ല, പ്രാർത്ഥിക്കുമ്പോൾ അതിന്റെ മേൻമയിലുമല്ല ദൈവം പ്രസാദിക്കുന്നതു. പാട്ടിൽകൂടിയും പ്രാർത്ഥനയിൽകൂടിയും അവന്റെ തിരുമുമ്പാകെ എത്തുന്ന നമ്മുടെ നിർമ്മല ഹൃദയത്തിലത്രേ അവൻ പ്രസാദിക്കുന്നത്.

പ്രാർത്ഥനയിലും, പാട്ടിലും നമ്മുടെ ഹൃദയമില്ലാത്ത വാക്കുകളേക്കാൾ വാക്കുകളില്ലാത്ത നമ്മുടെ ഹൃദയമാണ് നല്ലത്.

# നാമധേയ വിഭാഗത്തെ ന്യായീകരിക്കുകയോ?

തെറ്റു ചെയ്യുന്ന വ്യക്തികൾ ഇല്ലാതില്ല. എന്നാൽ അവർ ചെയ്യുന്ന തെറ്റിനെ ന്യായീകരിക്കുന്ന പ്രവണത കാണുമ്പോൾ നമുക്ക് അവരോട് സഹതാപം തോന്നും. വീണാൽ എഴുന്നേല്ക്കുകയാണല്ലോ ആവശ്യം. ആ വീഴ്ച തന്റെ കുഴപ്പം കൊണ്ടല്ല എന്നുവരുത്തിതീർക്കു

ന്നവരും അതു വീഴ്ചയായേ അല്ലാ എന്നു വാദിക്കുന്നവരും നമ്മുടെ സമൂഹത്തിലുണ്ട്. ഇതു മനുഷ്യന്റെ അനേക ബലഹീനതകളിൽ ഒന്നു മാത്രം. ആരംഭം മുതൽ കണ്ടുവരുന്ന ഒരു പ്രതിഭാസമാണിതു. മനുഷ്യരോടു ന്യായീകരിക്കുന്നതു നമുക്കു മനസിലാക്കാം. എന്നാൽ ദൈവത്തോടു ന്യായീകരിച്ചാലോ? സ്ഥിതി എന്തായിരിക്കുമെന്ന് ആലോചിച്ചു നോക്കുക. മനുഷ്യനിർമ്മിതവും ദൈവ വ്യവസ്ഥിതിക്കു വിരുദ്ധവുമായ വിഭാഗങ്ങളാണ് ഇന്നു നമുക്കുചുററും കാണപ്പെടുന്നത്. പല കാരണങ്ങൾ കൊണ്ടാണ് ഇവയെല്ലാം ഉടലെടുത്തത്. എന്നാൽ ഇവയിൽ അംഗങ്ങളായിരിക്കുന്നവർ ദൈവത്തിന്റെ വചനത്തോട് എതിർക്കുകയും തങ്ങളുടെ നിലപാട് ശരിയാണെന്നു സമർത്ഥിക്കുകയും ചെയ്യുന്ന വ്യക്തികളുണ്ട്.

യെശയ്യാവ് ദുഷ്ടനെ ന്യായീകരിക്കുന്നവരെ കുറിച്ച് പറയുന്നത് "സമ്മാനം നിമിത്തം ദുഷ്ടനെ നീതീകരിക്കുകയും നീതിമാന്റെ നീതിയെ ഇല്ലാതാക്കുകയും ചെയ്യുന്നവർക്കും അയ്യോ കഷ്ടം! അതുകൊണ്ട് തീനാവു താളടിയെ തിന്നുകളയും വൈക്കോൽ ജ്വാലയാൽ ദഹിച്ചു പോകയും ചെയ്യുന്നതുപോലെ അവരുടെ വേര് കെട്ടുപോകും (യെശയ്യാവ് 5:23-24). ദുഷ്ടനെയോ ദുഷ്പ്രവൃത്തിയേയോ നീതീകരിക്കുന്നതു ഒരിക്കലും ദൈവത്തിന് ഇഷ്ടമുള്ള കാര്യമല്ല. അങ്ങനെ ശ്രമിച്ചവരോട് അനുകൂലഭാവം ഉള്ളതായിപോലും നമുക്കുകാണാൻ സാദ്ധ്യമല്ല. കാരണം ദൈവം നീതിമാനത്രേ. അവൻ തിന്മയെ വെറുക്കുന്നു.

സർവ്വമനുഷ്യരും ദേശങ്ങളും അഭിമുഖീകരിക്കുന്ന ഏതൊരു പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരമാർഗ്ഗരേഖ ഒന്നുണ്ട്. മനുഷ്യരുടെ ജ്ഞാനവും, തത്വവും, സിദ്ധാന്തവും പൂർണ്ണമായി ഉപേക്ഷിച്ച് ദൈവത്തിന്റെ ജ്ഞാനത്തിൽ ചിന്തിച്ച് ദൈവിക സിദ്ധാന്തപ്രകാരം ശ്രമിക്കുക എന്നതാണ് അത്. തെററായ സിദ്ധാന്തങ്ങളെ ബൈബിളിൽ വിലക്കിയിട്ടുണ്ട്. 'തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരുംനിങ്ങളെ കവർന്നുകളയാതിരിപ്പാൻ സൂക്ഷിപ്പിൻ. അതു മനുഷ്യരുടെ സമ്പ്രദായത്തിനു ഒത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്കു ഒത്തവണ്ണം; അല്ലാതെ ക്രിസ്തുവിനു ഒത്തവണ്ണമുള്ളതല്ല (കൊലൊസ്സ്യർ 2:8). ഒരു ബാധയെപ്പോലെ അവയെല്ലാം ഉപേക്ഷിക്കേണ്ടതാണ്. നാമധേയ വിഭാഗങ്ങളും ഭിന്നതകളും മനുഷ്യന്റെ ജ്ഞാനത്തിൽനിന്നും ആവിർഭവിച്ചതാണ്. അവയുടെ നിലനില്പിനെ ന്യായീകരിക്കുന്നതും മനുഷ്യബുദ്ധിതന്നെ. ബൈബിൾ മാത്രം അനുകരിക്കാൻ മനസുള്ളവർക്കുനാമധേയ വിഭാഗങ്ങളെ താലോലിക്കാൻ കഴിയുകയില്ല. ദൈവത്തിന്റെ പദ്ധതിയെ മറിച്ചുകളയുന്ന ഇവയെല്ലാം ദൈവത്തോടു പോരാടുകയാണ് ചെയ്യുന്നത്.

തെററിൽ അകപ്പെട്ടിട്ട് അതു ശരിയാണെന്നു സമർത്ഥിക്കുന്നതു

ഡ്രത്താന്റെ പ്രേരണയാണ്. ഏതെല്ലാം വിധത്തിൽ ഒരു തെററിനെ ഇല്ലാതാക്കാൻ ശ്രമിച്ചാലും നടക്കുകയില്ല. അതുപോലെ എങ്ങനെയൊക്കെ ന്യായീകരിച്ചാലും തെററു തെററുതന്നെയാണ്. ഈവിഭാഗങ്ങളിൽ കൂടുങ്ങിപ്പോയിട്ടുള്ള എല്ലാവരും വചനാനുസരണമുള്ള വിശ്വാസമോ പരിജ്ഞാനമോ നോക്കാതെ അവരുടെ തോന്നലുകളിൽ അഭയംതേടുന്നു. ഇവിടെ സാത്താൻ അവരിൽ ജയിക്കുന്നു. അവർ വാസ്തവത്തിൽ പരാജിതരായിമാറുന്നു. ദൈവത്തോടു എരിവും തീഷ്ണതയും ഒരു പക്ഷേ ഇവർക്കു കണ്ടെന്നുിരിക്കും. അതു വചനപ്രകാരമല്ലെങ്കിൽ പിന്നെ എന്തുപ്രയോജനം? ദൈവത്തിന്റെ പരിജ്ഞാനപ്രകാരം അവനോടു എരിവു കാണിക്കുന്നുവെങ്കിൽ നല്ലതു. അല്ലെങ്കിൽ ദൈവത്തിന്റെ നീതി അറിയാതെ സ്വന്തനീതി സ്ഥാപിപ്പാൻ അന്വേഷിച്ചു കൊണ്ട് ദൈവത്തിന്റെ നീതിക്കു കീഴ്പ്പെട്ടില്ല എന്നതാണ് കാരണം. (റോമർ 10:2) ക്രിസ്ത്യാനികളാണെന്നു അവകാശപ്പെടുന്ന ഈ വിഭാഗക്കാർ തങ്ങളുടെ പോക്കു ശരിയാണെന്നു അവകാശപ്പെടുന്നു. എന്നാൽ അവരിൽ യാതൊരു തെളിവുമില്ല. ഭോഷ്ക്കും തെററും നിറഞ്ഞ വഞ്ചനയുടെ പ്രതീകങ്ങളാണ് ഈ വിഭാഗങ്ങളെല്ലാം തന്നെ. ഭോഷ്ക്കു ഒന്നും സത്യത്തിൽനിന്നു വരുന്നതല്ല എന്നു നാം അറിഞ്ഞിരിക്കണം. അനുഗ്രഹീതമായ രക്ഷാ സുവിശേഷം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ലോകത്തിനു നല്കുവാൻ ക്രിസ്തുവിന്റെ സഭ സദാ സന്നദ്ധമാണ്. നിത്യജീവൻ ലഭിക്കണമെന്ന് ആഗ്രഹമുള്ളവർ മനുഷ്യരുടെ ചട്ടക്കൂടുകളം വിട്ടുകളഞ്ഞു ദൈവത്തിന്റെ കല്പനകളം അനുസരിച്ച് കർത്താവിന്റെ സഭയിൽ ആയിതീരുവാൻ ശ്രമിക്കുക.

1. ചിലർ ഗമാലിയേലിന്റെ സിദ്ധാന്തത്തെ പിന്തുടരുന്നു (പ്രവൃത്തി 5:38-39). അവരെ വിട്ടുകൊൾക; ഈ ആലോചനയും പ്രവൃത്തിയും മാനുഷം എന്നുവരികിൽ അതു നശിച്ചുപോകും. ദൈവികം എന്നു വരികിൽ അതു നിലനില്ക്കും എന്നതായിരുന്നു ഗമാലിയേലിന്റെ അനുഭവം. നാമധേയ വിഭാഗങ്ങളെ അത്തരത്തിൽ ന്യായീകരിക്കുന്നവർ സത്യത്തിനുവേണ്ടി നിലനില്ക്കുന്നവരല്ല മറിച്ച് തെററുകളെ പ്രോത്സാഹിപ്പിക്കുകയാണ്.

2. മർക്കൊസ് 9:38-ൽ ഒരുവൻ കർത്താവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കിക്കൊണ്ടിരുന്നു, എന്നാൽ അവൻ യേശുവിന്റേയോ ശിഷ്യന്മാരുടേയോ കൂടെ ചേർന്നില്ല. അതുകൊണ്ട് ശിഷ്യന്മാർ അവനെ വിരോധിച്ചു. പക്ഷേയേശുക്രിസ്തു അവനെവിരോധിക്കരുത് എന്നു പറഞ്ഞുവല്ലോ എന്ന കാരണത്താൽ വ്യത്യസ്ത വിഭാഗങ്ങളെ വിരോധിക്കരുത് എന്നു പറയുന്നവരുണ്ട്. എന്നാൽ അതു പഴയനിയമ കാലയളവായിരുന്നു. പുതിയ നിയമ കാലയളവിൽ എല്ലാവരും ഒന്നായി തീരണമെന്നാണ് കർത്താവ് പ്രാർത്ഥിച്ചത് (യോഹന്നാൻ 17:20-21)

3. യേശു പറഞ്ഞു, ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പു

കളും ആകുന്നു എന്ന് (യോഹന്നാൻ 15;1-2). അവൻ അവിടെ പറയുന്നതു ഛിന്നഭിന്നമായി കിടക്കുന്ന വിഭാഗങ്ങളെയല്ല; പിന്നെയോ, തന്റെ ശരീരത്തിൽ വസിക്കുന്ന ഓരോ അവയവങ്ങളേയും അഥവാ അംഗങ്ങളേയും ഉദ്ദേശിച്ചാണ് വിവരിക്കുന്നത്. കർത്താവിന്റെ ശരീരമായ സഭ ഒന്നുമാത്രമേയുള്ളുവെന്നു വചനത്തിൽ തെളിവായി പറഞ്ഞിരിക്കുന്നു. എങ്കിലും ന്യായീകരിക്കുവാൻ ശ്രമിക്കുന്നവർ ധാരാളമാണ്.

4. ഈ നാമധേയ വിഭാഗങ്ങളെ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളെ നീതീകരിക്കുവാൻ ശ്രമിക്കുന്നതിന്റെ മറ്റൊരു കാരണം അവർക്കിഷ്ടപ്പെട്ടതരത്തിൽ മാനസികവും, വൈകാരികവും ആത്മീയവുമായി ജീവിക്കാം എന്നുള്ളതാണ്. ഉദാഹരണമായി ഒരാൾക്ക് പാരമ്പര്യമായ ആചാരത്തിലാണ് താല്പര്യമെങ്കിൽ അയാൾക്ക് അങ്ങനെയുള്ള ഒരു സംഘടനയിൽ ചെന്നുചേർന്നു തൃപ്തിനേടാം. വൈകാരികമായ ഒരു ഭക്തിയാണ് ചിലർക്ക് ഇഷ്ടമെങ്കിൽ അവർ പെന്തെക്കൊസ്തുകാരുടെ കൂടെ ചേരും. പുനർവിവാഹം നടത്തുവാൻ മററു മാർഗ്ഗമൊന്നും കാണാതെവരുമ്പോൾ ചിലർ അതിനുപററിയ സംഘടനയിൽ ചെന്നുചേരും. ഇങ്ങനെ മതം മനുഷ്യനുവേണ്ടിയാണെന്നും അതിൽ ദൈവത്തെ പരിഗണിക്കേണ്ടതില്ലെന്നും അവർ തെളിയിക്കുന്നു. ഇതു ദൈവത്തോടുള്ള എതിർപ്പോ മത്സരമോ അല്ലെങ്കിൽ പിന്നെന്താണ്.

5. ഒരുപക്ഷേ ഇന്നു നിലവിലുള്ള ഏററവും പ്രചുരപ്രചാരത്തിലിരിക്കുന്ന ഒരാശയമാണ്; എല്ലാ വിഭാഗങ്ങളും ക്രിസ്തുവിന്റെ അദൃശ്യവും സാർവ്വദേശിയവുമായ ശരീരത്തിലെ അംഗങ്ങളാണ് എന്നുള്ളത്. വിശ്വാസികളുടെ കൂട്ടായ്മ എന്ന ആശയഗതിയിൽ നിന്നും ഉരുത്തിരിഞ്ഞതായിരിക്കാം ഈ അബദ്ധ ധാരണ. ഇങ്ങനെ ഒരു നിഗമനത്തിലെത്തുന്നതിലെ അപാകതഎന്തെന്നാൽ അതുബൈബിളിൽഎങ്ങും പറയാത്തതും കാണാത്തതുമാണ്. ആകയാൽ ദൈവവചനത്തോടു കൂട്ടുചേർക്കുകയായിരിക്കും ഫലം. പുതിയ നിയമ മാതൃകയിൽ അല്ലാത്ത സഭകളൊന്നും ക്രിസ്തുവിന്റേതല്ല. ആകയാൽ ദൈവസന്നിധിയിൽ അവയൊന്നും ന്യായീകരിക്കാവുന്നതുമല്ല.

വീണ്ടും ഊന്നിപറയുവാനുള്ള സത്യവസ്തുത എന്തെന്നാൽ ക്രിസ്തു വിഭാഗിക്കപ്പെടരുത്. ക്രിസ്തുവിനെ അനുഗമിക്കുന്ന ആത്മാർത്ഥതയുള്ളവർ ഭിന്നിച്ച് നിന്ന് അതു ശരിയാണെന്ന് സമർത്ഥിക്കരുത്; തെററ് എന്തിനുവേണ്ടി ചെയ്താലും അതു തെററാകാതിരിക്കുകയില്ല. തെററ് തെററാണ് എന്നു തുറന്നു സമ്മതിച്ച് ശരിയായ ഒരു ക്രിസ്ത്യാനിയായി തീരുകയും ആ സത്യത്തിൽ നടക്കുകയും ചെയ്യുക. സത്യം എന്നും വിജയിക്കും, എന്നാൽ തെററ് അഥവാ ഭോഷ്ക്ക് എന്നായാലും പരാജയപ്പെടും. ദൈവം നിങ്ങളെ കർത്താവിന്റെ ഏകസഭയിൽ നിലനില്ക്കുവാൻ സഹായിക്കട്ടെ.

**ബൈബിൾ കഥ**

# ഇവിടെ വരെ

## (സി. ആർ. പീയൂസ്)

ചെരിപ്പുണ്ടായിട്ടും ഉള്ളടി പുകയുന്നു. മേലേ നിന്നും, താഴേ നിന്നും ചൂട്. ഭൂമിയിൽ സൂര്യൻ തീ കോരിയിടുകയാണ്.

ഗലീലയിലെ ഒരു വൃക്ഷ ച്ചുവട്ടിൽ, തടിച്ചു പൊന്തിയ വേരി ന്മേൽ യേശു ഇരിക്കുന്നു. വിചാരമഗ്നനായി മുട്ടു കാലിൽ വലം മുട്ടൂന്നി, താടിക്കു കൈ കൊടുത്തു കൊണ്ട്, കൈ മുതൽ നഷ്ടപ്പെട്ട ഒരേകാന്ത പഥികന്റെ അവസ്ഥ.

അതോ;

''അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളേപ്പോലെ കുഴ ഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ടു അവരേക്കുറിച്ചു മനസ്സലി ഞ്ഞു....'' മത്താ-9:36

അതെ; അതാണ്....

ഇത്തിരി മാറി, രണ്ടും മൂന്നുമായി ശിഷ്യന്മാരും. അവർ നില്ക്കുകയാണ്.വിവിധ ദിശകളിലേയ്ക്ക്തിരിഞ്ഞാണവരുടെ നില്പ്പെങ്കിലും ഭീതി പൂണ്ട, അടക്കം പറച്ചിലുകളോടെ വിശ്വാസത്തിന്റേയും അവിശ്വാസത്തിന്റേയും കെട്ടിമറിച്ചിലുകാം....

....വരുവാനുള്ളവൻ ഇവൻ തന്നെയോ—?

.... കാററിനേയും കടലിനേയും ശാസിക്കുന്നു!....

....അത്ഭുതങ്ങളുടേയും അടയാളങ്ങളുടെയും ഒരു പരമ്പര തന്നെ!

ദൈവത്തിൽ നിന്നുള്ള ഒരുവനിൽ നിന്നല്ലാതെ ആർക്കും ഇവ സാദ്ധ്യമല്ല....

വിഷമ വൃത്തത്തിൽപ്പെട്ട ശിഷ്യഗണം

യേശു പെട്ടെന്നു എഴുന്നേററു. അതോടെ ശിഷ്യന്മാർ ഒന്നനങ്ങി നിന്നു. അവർ ഏറെ ശ്രദ്ധാലുക്കളായി. എന്താണവിടത്തെ ആജ്ഞ? അതാണവരുടെ ഉൽക്കണ്ഠ

യേശു നടന്നടുത്തതു പത്രോസിൻെറ അടുത്തേയ്ക്കാണ്. കേൾക്കാനും ഗ്രഹിക്കാനും ആ ശിഷ്യൻ ഒരുങ്ങിനിന്നു.

''നമുക്കൊന്നവിടം വരെ പോയിവരാം.?''

''റബ്ബീ, പോകാം'' പറഞ്ഞുതീർന്നില്ല, പത്രോസ് നടന്നുകഴിഞ്ഞു. അവിടത്തെ പ്രഥമ വിളി കേട്ടനുസരിച്ചതു പോലെതന്നെ.

ഇരുവരും നടക്കുകയാണ്. മററു ശിഷ്യന്മാർ അവരുടെ പോക്കു നോക്കിനിന്നു.

നീണ്ടുനിവർന്നാണ് യേശുവിൻെറ നടത്തം. കാലുകൾ നീട്ടി നീട്ടി എടുത്തുവെച്ചു കൊണ്ട്. പിന്നാമ്പുറത്തൂടെ ഇട്ട മേലങ്കി ഇരുചുമലുകളിലേയ്ക്കിട്ട്; കൈകൾ ആട്ടിയാട്ടി. ഒതുക്കിയിട്ടും ഒതുങ്ങാത്ത തലമുടി പാറിപ്പറന്നു. ദൃഷ്ടികൾ നാലഞ്ചടി അകലം മുന്നിൽ നിലത്തിട്ടും കൊണ്ട്. വദനം വിഷാദാത്മകമാണ്. അത്താണി തേടുന്ന ഒരു ചുമട്ടുകാരൻെറ പ്രയാസഭാവം.

''എങ്കിലും എനിക്ക് ഒരു സ്നാനം ഏല്പാൻ ഉണ്ട്; അതുകഴിവോളം ഞാൻ എത്ര ഞെരുങ്ങുന്നു.''

ക്രമവും ചിട്ടയുമില്ലാത്ത ഒരു നിഷ്ക്കളങ്ക ബാലൻെറ നടത്തമാണ് പത്രോസിൻെറ. നാഥനേക്കാൾ മുന്നിലും, ചിലപ്പോൾ പിന്നിലും ആയിപ്പോകുന്നതു അതുകൊണ്ടു തന്നെ.

വരണ്ടുണങ്ങിയ ചെമ്മാന നിറമാർന്ന, നിമ്നോന്നത ഭൂപ്രദേശം ആകെ നിശ്ശബ്ദത. മന്ദമാരുതൻ പോലും ഏതോ വൃക്ഷിലച്ചാർത്തുകളിൽ ഒളിച്ചു കാണും. നാടു കരിയുന്ന ചൂടാണെങ്കിലും കിടപ്പാടങ്ങളോടു ചേർന്നു ചിന്നച്ചിന്ന മുന്തിരിത്തോപ്പുകൾ. തെരുവരികിൽ രണ്ടും മൂന്നുമായി ഓലക്കുടയും ചൂടി നില്ക്കുന്ന ഈന്തപ്പനകളും കൂടി ഇല്ലായിരുന്നു വെങ്കിൽ!

ചൂടും, ദാഹവും പത്രോസിനെ അലട്ടുന്നു. പനകൾക്ക് കിഴെ വീണുറങ്ങുന്ന തണലുകൾ കാണുമ്പോൾഒന്നങ്ങോട്ടു കയറി നിന്നിരുന്നു വെങ്കിൽ; പത്രോസ് ആശിച്ചു പോകുന്നു.

സൂര്യൻ തലയ്ക്കുമേലേ വന്നു നിന്നപ്പോൾ തങ്ങളുടെ നിഴലുകൾ ഇരുവരുടെ പാദങ്ങൾ ക്കു ചുററും ചുററമ്പലം ചുററുന്നു.

റോഡിൽ ഒരു നാണയം. ഇരുവരുടേയും കണ്ണിൽപ്പെട്ടു. കണ്ടഭാവം

നടിക്കാതെ നടന്നു നീങ്ങുന്ന ശിഷ്യനോടു ഗുരു പറഞ്ഞു: 'പത്രോസേ! ആ നാണയം എടുത്തു കൊള്ളു'

'ഓ എന്തിനതു റബ്ബീ....! വല്ല പിള്ളേരുമെടുത്തോട്ടെ...! നമുക്കതു കൊണ്ടെന്താകാനാണ്?'

ശിഷ്യൻ എടുക്കുകയില്ലെന്നു മനസ്സിലാക്കിയ ഗുരുരണ്ടടി പിന്നോക്കം നടന്നു ആ നാണയം ഇടത്തെ കൈ നീട്ടി എടുത്തു ഒരുദിനാരി നാണയം.

ഇരുവരും നടത്തം തുടർന്നു. ഒരസാധാരണ സംഭവം നടന്നു എന്നാരും കണക്കാക്കിയില്ല. മററൊന്നിനേപ്പററിയും ആരും സംസാരിച്ചിരുന്നില്ല. സംസാരിച്ചുല്ലസിച്ചു നടക്കേണ്ടുന്ന ബന്ധമായിരുന്നില്ല, ഇരുവരുടെയും.

അടുത്തൊരു ഗൃഹം കണ്ണിൽപ്പെട്ടപ്പോൾ മടിച്ചു മടിച്ചു പത്രോസ് ആവശ്യപ്പെട്ടു. 'റബ്ബീ....ഞാനേ....ഞാൻ.... ആ കാണുന്ന വീട്ടിൽ ചെന്നു കുറച്ചു വെള്ളം കുടിച്ചു വരട്ടെ?'

''കുടിച്ചുവരൂ, കുടിച്ചുവരൂ.''

വഴിവിട്ടിറങ്ങിയ ശിഷ്യൻ ലക്ഷ്യം വച്ച വീടിനു നേരെ നടന്നു. അടുത്തുകണ്ട ഈന്തപ്പനത്തണലിലേയ്ക്ക് ഗുരുവും നടന്നുകയറി. അവിടെ കൊട്ടയിൽ മുന്തിരി വില്ക്കുന്ന ഒരു ചെറുബാലൻ. കയ്യിലിരുന്ന ദിനാരി കൊടുത്തു ഗുരുമുന്തിരി വാങ്ങി. പഴുത്തു തുടുത്ത പുണ്ടയ്ക്ക വലുപ്പമുള്ള മുന്തിരി. ഒരു മുന്തിരിയിലയിൽ ഇരുപതു മുന്തിരി പൊതിഞ്ഞു ബാലൻ ഗുരുവിനെ ഏല്പിച്ചു. അവിടന്നു അതു മേലങ്കിയിൽ ഒതുക്കിപ്പിടിച്ചു. ദാഹശമനാർത്ഥം എത്തിയ ശിഷ്യനുമായി ഗുരു യാത്ര തുടർന്നു.

സമയം പോയ്ക്കൊണ്ടിരുന്നു. ഇരുവരും നടന്നുകൊണ്ടേയിരുന്നു. ഇടക്കു പത്രോസിന്റെ ചുണ്ടനങ്ങുന്നത് മനസ്സിലാക്കിയ യേശു തിരക്കി: ''എന്തോ തിന്നുന്നുണ്ടല്ലോ?''

''ഒ, ഒരു മുന്തിരി റോഡിൽ വീണു കിട്ടിയതാണ്.'' ഒരു വല്ലിയ കാര്യമല്ലെന്നുള്ള മട്ടിൽ പത്രോസ് പറഞ്ഞു നിർത്തി.

പഴുത്തതായിരുന്നോ?''

''തന്നെ! പഴുത്തതു തന്നേ. ഈ സമയത്തു പുളിപ്പാണേലും മോശമല്ല റബ്ബീ; കൊള്ളാം.!''

യേശു പുഞ്ചിരിച്ചുകൊണ്ടു നിന്നു; ശിഷ്യന്റെ മുഖത്തേയ്ക്കു നോക്കി. സമയത്തിന്റെ മാധുര്യം നുണച്ചറിഞ്ഞ പത്രോസും നിന്നു

നാഥനെ നോക്കി. അതാ ഗുരു നിന്നു പുഞ്ചിരിക്കുന്നു! അനിർവ്വചനീയമായ മന്ദഹാസം. ഉള്ളം തിമിർത്ത ആഹ്ലാദത്തോടെ പത്രോസ് ഓർത്തു. ഇക്കാലമത്രയും കാണാതിരുന്ന ഒരപൂർവ്വ കാഴ്ച്ച!....കർത്താവ് തന്നെ നോക്കി പുഞ്ചിരിക്കുന്നു.

''പത്രോസേ! റോഡിൽ നിന്നു നാണയം ഞാൻ എടുക്കാൻ പറഞ്ഞിട്ട് എടുത്തോ?

''ഇല്ല'' ഒരു കുററ ബോധം പത്രോസിന്റെ മനസ്സിലുയർന്നു. തെളിഞ്ഞു നിന്ന ആകാശം പെട്ടെന്നു മങ്ങിയ-പോലെ .

''ഞാൻ എടുത്തതു കണ്ടല്ലോ''

''ഉവ്വ്''

,ഞാൻ അതു കൊടുത്തു മുന്തിരി വാങ്ങി. ഇരുപതെണ്ണം കിട്ടി.'' യേശു തുടർന്നു:

''അവ ഓരോന്നും പലപ്പോഴായി ഞാൻ വഴിക്കിട്ടു. അതോരോന്നും പത്രോസെടുത്തു മണ്ണുതട്ടി, ഊതി, അതീവ താല്പര്യത്തോടെ കോതിയൂറെ തിന്നു. വേറെയെങ്ങാനുമുണ്ടോ നിലത്തെന്നു കണ്ണോടിക്കയും ചെയ്തു.''

തന്റെ എല്ലാ ദുഷ്ചെയ്തികളും പുറത്തിട്ടു ചികഞ്ഞു കാണിക്കുംപോലെ പത്രോസിനു തോന്നി, പത്രോസ് നിന്നു വിഷമിച്ചു. ഓർത്തു; കൂടെ പോന്നിട്ട് ഇത്തരത്തിലായല്ലോ.

'പത്രോസേ! ആ നാണയം ഞാൻ പറഞ്ഞിട്ടു എന്തുകൊണ്ടെടുത്തില്ല-?''

''റബ്ബീ....റബ്ബീ....'' നിറ കണ്ണോടെ പത്രോസ് നിന്നുവിതുമ്പി

'അനുസരണം വേണം.' യേശു ശിഷ്യന്റെ കണ്ണിൽ നിന്നടർന്ന കണ്ണുനീർ തുടച്ചുകൊണ്ടു ഉപദേശിച്ചു. 'അനുസരണം വേണം അതില്ലാതെ പോയാൽ അഹങ്കാരം മുളയെടുക്കും. അതു പറുദീസയിൽ തുടങ്ങി ഇവിടെവരെയായി.... ഭാരമേറിയതു വല്ലതുമായിരുന്നോ.ഞാൻ പറഞ്ഞത്?

'അപ്പോഴാം....' ഉരുകിനിന്ന പത്രോസ് നാഥൻ രണ്ടു ദിവസങ്ങൾക്കു മുമ്പു പറഞ്ഞതോർത്തു എന്റെ നുകം മൃദുവും ചുമടു ലഘുവും ആകുന്നു. മത്താ-11:30

യേശു തുടർന്നു.
'ശിമോനേ! ചെറുതിനും അതിന്റേതായ മൂല്യമുണ്ടു. ആ വില

മതിക്കലാണ് സൃഷ്ടാവിനോടുള്ള സൃഷ്ടിയുടെ വിധേയത്വം; അതായത്-എളിയ ഈ നിർദ്ദേശം നല്കാനാണ് നമ്മുടെ ഈ യാത്ര. വരു നമുക്കിനി മടങ്ങാം.

മടക്കയാത്രയിൽ യേശു കാച്ചിക്കുറുക്കിയ ഒരു പദ്ധ്യോപദേശം ഗോപ്യമായി തന്റെ അരുമ ശിഷ്യന്റെ ചെവിയിൽ മന്ത്രിച്ചു.

''പ്രാർത്ഥനാ ജീവിതമില്ലാത്തിടത്തോളം മനുഷ്യൻ പുറത്തു പോകും, അവിടെ, അവരുടെ പുഴു ചാകുന്നില്ല, തീ കെടുന്നതുമില്ല. എല്ലാവന്നും തീ കൊണ്ടു ഉപ്പിടും'' മർക്കോ 9:48 49

# കുടുംബപ്രശ്നങ്ങളും പരിഹാരവും

നാലുവർഷം മുൻപ് സ്വന്ത ഇഷ്ടത്താൽ സ്നാനമേററ, രക്ഷിക്കപ്പെട്ട ഒരു വ്യക്തിയാണ് ഞാൻ. ഞാൻ സ്നാനമേല്ക്കുന്ന സമയത്ത് ഭാര്യ പ്രസവത്തിനായി അവളുടെ വീട്ടിൽ പോയിരിക്കയായിരുന്നതു കൊണ്ട് പറയാൻ കഴിഞ്ഞില്ല. പിന്നീട് ഞാൻ അതു തുറന്നു പറയുകയും ചെയ്തു. എന്നോട് ആലോചിക്കാതെ എന്തിനു പോയി സ്നാനമേററു എന്നതായിരുന്നു അവളുടെ മറുചോദ്യം 1986 ൽ സ്നാനപ്പെട്ടുവെങ്കിലും എനിക്കു സമാധാനത്തോടു കൂടിയുള്ള ഒരു കുടുംബ ജീവിതം നയിക്കാൻ കഴിഞ്ഞിട്ടില്ല. അതിനുകാരണം എന്റെ ഭാര്യയോടു ചോദിച്ചിട്ടുവേണം ചെയ്യുവാൻ എന്ന ഉദ്ദേശക്കാരനല്ല ഞാൻ.

ഭാര്യ വീട്ടുകാർ ഞാൻ സ്നാനമേററു എന്നറിഞ്ഞപ്പോറം പറഞ്ഞത്, ഒരു സ്നാനം ഏററവർക്കു രണ്ടാമത് ഒരുസ്നാനത്തിന്റെ ആവശ്യമില്ല എന്നാണ്. എന്റെ അറിവിൽ സ്നാനമേല്ക്കേണ്ടതു വിശ്വാസത്താലും അറിവിനാലും ആയിരിക്കണം എന്നാണ്. ക്രിസ്തു പോലും ഇപ്രകാരമാണല്ലോ സ്നാനമേററത്. ഞാൻ സ്നാനമേററ നാറം മുതൽ ഇന്നുവരെ ദുഃഖമാണ് കുടുംബ ജീവിതത്തിൽ അനുഭവിച്ചു വരുന്നത്. എന്റെ ഭാര്യ പറയുന്നതു സ്നാനമേല്ക്കുന്നതും പെന്തകൊസ്തിൽ പോകുന്നതും പുറജാതിക്കാരാണ് എന്നാണ്. സ

ഭാദ്ധ്യക്ഷന്മാർ വീട്ടിൽ വരുന്നതും പ്രാർത്ഥന നടത്തുന്നതും അവരാക്കിഷ്ടമല്ല.ഇടക്ക് ഒരു പ്രാർത്ഥനയോടൊപ്പം വീട്ടിൽഒരു പാർട്ടി നടത്തി. അതിനെ തുടർന്നു വഴക്കും പിണക്കവുമായി. എന്തിനാണ് ഈ വെറും ചെലവ് നടത്തിയത് ഇക്കൂട്ടർ തിന്നാനും കുടിക്കാനും വേണ്ടി നടക്കുന്നതാണ്. അതുകൊടുത്തില്ലെങ്കിൽ അവർ ശപിക്കുകയും ചെയ്യും എന്നാണ് അവളുടെ പക്ഷം. ഈ കുടുംബ പ്രശ്നം ഒന്നു മാറി കിട്ടേണ്ടതിനും എന്റെ ഭാര്യയുടെ ഒരു തിരിച്ചറിവിനും വേണ്ടി ദൈവമക്കളുടെ പ്രാർത്ഥനയെ ഞാൻ അപേക്ഷിച്ചു കൊള്ളുന്നു.

എന്ന്
ഒരു സഹോദരൻ

## പരിഹാരം

താങ്കം സ്നാനമേററപ്പോം അതു എന്തുദ്ദേശത്തിനുവേണ്ടി എടുത്തു എന്ന് നിങ്ങംക്കു ഉറപ്പുണ്ടോ? വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ള ഉദ്ദേശ്യങ്ങംക്കുവേണ്ടിയും ദൈവവചനപ്രകാരം ജീവിക്കാൻവേണ്ടിയും ആണെങ്കിൽ പെന്തെക്കൊസ്തു വിഭാഗത്തിൽ അല്ല പോകേണ്ടതു മറിച്ച് കർത്താവിന്റെ സഭ എവിടെയുണ്ടോ അവിടെയാണ് ആരാധനക്കു പോകേണ്ടത്. നിങ്ങം സ്നാനമേററു എന്ന ഒരു കാരണം മാത്രമേ എഴുത്തിൽ സൂചിപ്പിച്ചിട്ടുള്ളൂ. വേറെ പല കാരണങ്ങം നിങ്ങളുടെ ജീവിതത്തിലോ ഭാര്യയുടെ ജീവിതത്തിലോ കാണാം. അതുവ്യക്തമല്ല. സ്നാനം കാരണങ്ങളിൽ ഒന്നുമാത്രം ആയിരിക്കും. ഭാര്യയേയും കുഞ്ഞുങ്ങളേയും മുൻപു സ്നേഹിച്ചിരുന്നതിനേക്കാം ആത്മാർത്ഥമായി സ്നേഹിക്കുക. എല്ലാ കാര്യങ്ങളും ഭാര്യയോടു തുറന്നു പറഞ്ഞില്ലെങ്കിലും പറയേണ്ട പ്രധാനപ്പെട്ട കാര്യങ്ങം പറയുക തന്നെ ചെയ്യണം. എന്നാൽ ദൈവത്തെ അനുസരിക്കുന്നതു ഭാര്യയോടു ചോദിച്ചിട്ടുവേണ്ട. ചില സ്ത്രീകംക്കു അതു മനസിലാക്കാനുള്ള ബുദ്ധിവൈശിഷ്ട്യം കാണുകയില്ല. അവരോടു സാവകാശത്തോടും സ്നേഹത്തോടും സൗമ്യതയോടും പെരുമാറി, ഭാര്യയുടെ ജീവിതത്തെ മാററുവാൻ ശ്രമിക്കണം.

ഒരിക്കൽ സ്നാനമേററാൽ പിന്നീട് ഒരു സ്നാനം വേണ്ട എന്നതു അവരുടെ പാരമ്പര്യ വിശ്വാസം അനുസരിച്ചായിരിക്കാം പറഞ്ഞത്. എന്നാൽ വേദപുസ്തകാനുസരണം സ്നാനമേററാൽ മാത്രമേ ദൈവം നമ്മെ രക്ഷിക്കുകയുള്ളൂ. അതിനാണല്ലോ ദൈവം തന്റെ വചനം നല്കിയിരിക്കുന്നതു. വചനപ്രകാരംനിങ്ങം ഇതുവരെ സ്നാനമേററില്ല എന്നാണ് ബൈബിളിൽ നിന്നുമനസിലാക്കുന്നത്. രക്ഷപൂർണ്ണമാകുന്നതു സ്നാനവും കൂടെ ഏല്ക്കുമ്പോഴാണ്. വിശ്വസിച്ചാൽ

മാത്രം രക്ഷിക്കപ്പെടും. സ്നാനം രക്ഷക്കുള്ളതല്ല എന്ന് പഠിപ്പിക്കുന്ന ആളുകളുണ്ട്. അവരാണ് രക്ഷിക്കപ്പെട്ട ശേഷം സ്നാനം കൊടുക്കുന്നതു. ബൈബിളിൽ അങ്ങനെ ഒരുദാഹരണം പോലുമില്ല. പിന്നെ മറ്റൊരു കാര്യം ഉള്ളതു, ഭാര്യയോടു പ്രതികാരം വീട്ടുവാൻ പ്രാർത്ഥനയോ പാർട്ടിയോ നടത്തുന്നത് തെററാണ്. ദൈവമക്കൾക്ക് എന്തെങ്കിലും കൊടുക്കുന്നതുകൊണ്ട് യാതൊരു നഷ്ടവുമില്ല. അതു സത്യത്തിനും നീതിക്കും വേണ്ടിയുള്ള ഒന്നായിരിക്കണം. ശാന്തമായി നിങ്ങളുടെ ഭാര്യയെ ദൈവവചനം പഠിപ്പിക്കുകയും നിങ്ങൾ ദൈവ ഭക്തിയുള്ള ജീവിതം വചനാടിസ്ഥാനത്തിൽ കാണിച്ചു കൊടുക്കുകയും ചെയ്യുക.

പുതിയ നിയമത്തിൽ രക്ഷക്കായി പറഞ്ഞിട്ടുള്ളസുവിശേഷം കേൾവി (റോമർ 10:17) വിശ്വാസം (എബ്രായർ 11:6) മാനസാന്തരം (ലൂക്കൊസ് 13:3; പ്രവൃത്തി 17:30) ഏററു പറച്ചിൽ (മത്തായി 10:32) പാപമോചനത്തിന്നായുള്ള അഥവാ രക്ഷയ്ക്കായുള്ള സ്നാനം (പ്രവൃത്തി 2:38; 1 പത്രൊസ് 3:21) എന്നിവ അനുസരിയ്ക്കുകയും ഭാര്യയെ പഠിപ്പിക്കുകയും ചെയ്യുക. പുതിയ നിയമത്തിൽ പറയുന്ന ആരാധന, രീതികളും പിൻപററുക. പാട്ട് (എഫെസ്യർ 5:19) പ്രാർത്ഥന (1 തെസ്സലോനിക്യർ 5:16) അപ്പം നുറുക്കൽ, പ്രസംഗം (പ്രവൃത്തി 20:7:) ധർമ്മശേഖരം (1കൊരിന്ത്യർ 16:2) ഇത്രയുമാണ് വചനാനുസരണമുള്ള ആരാധനയിൽ നാം കാണുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായി ഏതെങ്കിലും ഒരു നാമധേയ വിഭാഗത്തിൽ പോയി ആരാധിച്ചാൽ അതു ദൈവം സ്വീകരിക്കുകയില്ല. ദൈവവചനത്തിൽ ക്രിസ്തുവിന്റെ സഭയിൽ, അവ സകല ആത്മീയ അനുഗ്രഹങ്ങളും നിങ്ങൾക്കും കുടുംബത്തിനു വേണ്ടിയും ഞങ്ങൾ നിരന്തരം പ്രാർത്ഥിക്കുന്നു. നമ്മുടെ ദൈവം സർവ്വശക്തനാണ്. അവന് കഴിയാത്തത് ഒന്നുമില്ല. ദീർഘക്ഷമയും കരുണയുമുള്ള ദൈവത്തെ സ്നേഹിക്കുക. അവന്റെ കല്പനകൾ അനുസരിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# പുതിയ നിയമചരിത്ര ശില്പി

**കളത്തുകാൽ രാജദാസ്**

ആധികാരിക ഗ്രന്ഥങ്ങളിലോ? ലക്ഷണശാസ്ത്രങ്ങളിലോ? ദൃശ്യമാകാത്ത ഒരു വ്യക്തിയെ നാം വിശുദ്ധ വേദഗ്രന്ഥത്തിൽ കാണുന്നു. വിശേഷമാകെ ശാന്തിയുടെയും സമാധാനത്തിന്റെയും അക്ര

മരാഹിത്യത്തിന്റെയും സ്നേഹദീപ സന്ദേശം പ്രസ്താവിക്കുവാൻ ഉലകാകുന്ന ഗേഹത്തിലേയ്ക്കു് വന്ന ആ മഹത്വ്യക്തി ആരായിരുന്നുവോ?

നിശീഥിനിയെ നിർമ്മാർജ്ജനം ചെയ്ത ഒരു നീർമ്മലയാമം. നീലവാനം പൂത്തു താഴെ ഭൂമിയിലേയ്ക്കും ശശാങ്കൻ തന്റെ ജോൽസ്ന പ്രാന്തപ്രദേശങ്ങളിലും പ്രഭ, ശോഭജ്വലിപ്പിച്ചിരിക്കുന്നു. അത്യന്തം അദ്ധ്വാനിച്ചു അവശനായി പ്രകൃതിസുഖങ്ങൾ എല്ലാം മറന്നു മനുഷ്യൻ മയങ്ങുകയായിരിക്കാം. ഉഷ്ണത്താലോ? ശീതത്താലോ? മനുഷ്യമനസ്സ് കോരിത്തരിപ്പിച്ചിരിക്കാം. ഇടയന്മാർ ആട്ടിൻ കൂട്ടത്തെ കാവൽ കാത്ത് കുന്നിൻ ചരിവുകളിൽ പാർത്തിട്ടുണ്ടാവണം. ബേത്ലഹേം പരിസരങ്ങളിൽ നോക്കിയാൽ അപ്പോൾ കാണാമായിരുന്നു. ശരവർഷം പോലെ പൊഴിയുന്ന ഹിമത്തുള്ളികൾ. രാപ്പാടികൾ സന്തോഷത്താൽ ശ്രവണങ്ങൾക്ക് ഇമ്പം പകരുന്ന മാതൃകയിലുള്ള വസന്തഗീതങ്ങളും നിശാപ്പാട്ടുകളും ആലപിക്കുന്നു. നിശാഗന്ധി കുസുമം തന്റെ സുഗന്ധം വിവിധ തലങ്ങളിൽ നിന്നും ഇളം കാററിലൂടെ പ്രസരിപ്പിക്കുന്നു. ദൈവത്തിന്റെ വാക്കിനാലും വചനത്താലും വാർത്തെടുത്ത പ്രകൃതി ആദരപൂർവ്വം ആഹ്ളാദത്തോടെ തന്റെ ഭാവങ്ങൾ വേഷങ്ങൾ ഇവ പ്രകടിപ്പിക്കുന്നു. എന്തൊക്കെയായാലും ഈ വിശേഷ രാത്രിക്ക് എന്തോ ഒരു പ്രത്യേകതയുണ്ട്. ! എന്നാൽ അന്നൊരു അത്ഭുത ശിശു ഇസ്രായേലിലെ ബേത്ലഹേമിൽ ഭൂജാതനായി.

കാലപ്രവാഹം യാമത്തിന്റെ അതിർ വരമ്പുകൾ അതിക്രമിച്ചു അങ്ങകലെയെവിടെയോ കടന്നുപോയി. കാന്താരത്തിൽ ഒരു താരകം പോലെ ജ്ഞാനത്തിലും ചാതുര്യത്തിലും ദീർഘമായ മുപ്പതു സംവൽസരങ്ങൾ കൊണ്ട് ആ ശിശു വളർന്നു വലുതായി.

''ഒരിക്കൽ'' പുലർക്കാലം ആദിത്യരശ്മി തന്റെ അക്ഷി നാനാദിക്കിലേയ്ക്കും വെട്ടി തുറന്നു. വസന്ത ഭൂമിയിൽ എവിടെയോ നിന്ന് പ്രഭാതക്കാററ് ഗന്നേസരെത്ത് തടാകത്തിന്റെ വിവിധ മണ്ഡലങ്ങളിൽ മന്ദമായി വീശി. ഒലീവ് മരങ്ങളിൽ നിന്ന് പക്ഷികൾ പാറിപ്പറന്നു പരലോകത്ത് എന്നപോലെ വിശാലമായ വിഹായസിൽ പ്രയാണം ചെയ്തു. ഇളം കാററിൽ ഉലയുന്ന അത്തിമര ശിഖരങ്ങളിൽ നിന്ന് അടർന്നു വീഴുന്നു അത്തി പഴങ്ങൾ. അത്താണിയ്ക്കുള്ള പന്ഥാവു തേടി പല മനുഷ്യരും വിവിധ ദിക്കുകളിൽ പോയിത്തുടങ്ങി. എന്നാൽ ഗന്നേസരേത്ത് തടാകത്തിന്റെ കരയിൽ ശീമോനും അവന്റെ ചങ്ങാതി യാക്കോബും യോഹന്നാനും രായ്ക്ക് രാമാനം വിസ്തൃതമായ വാഹിനിയിൽ വല വീശിട്ടും മീൻ ഒന്നും കിട്ടാത്തതിനാൽ അവർ വിഷാദരായി വല കഴുകുകയായിരുന്നു. അപ്പോഴിതാ പ്ര

തിരശ്ശീലയോടും കാരുണ്യത്തോടും കൂടി മനുഷ്യ മൂകമായ ഒരു ശബ്ദം ആഴത്തിലേക്ക് നീക്കി മീൻ പിടിത്തത്തിന് വല ഇറക്കുവിൻ.

ലൂക്കൊസ് 5;4

കഠിന അദ്ധ്വാനത്തിൽ എല്ലാതരത്തിലും തള്ളപ്പെട്ടപ്പോളിതാ മരുഭൂമിയിൽ ഒരു മരീചികപോലെ നിസ്തുല്യമായ സ്നേഹത്താൽ കർത്താവായ യേശുക്രിസ്തുവിന്റെ ദിവ്യആജ്ഞ അടുക്കോടെ ചിട്ടയോടെ ശീമോൻ ആജ്ഞ അനുസരിക്കുകയും ചെയ്തു. ഫലമോ? കണ്ണിനും മനസ്സിനും അനുഭൂതി സൃഷ്ടിക്കുന്ന രീതിയിൽ മത്സ്യം. അനുസരണം മനുഷ്യജീവിതത്തിലെ ഒരു നാഴികക്കല്ല് എന്നുള്ള ചൊല്ല് മനുഷ്യർ ഇവിടെ മറക്കാതെ ഇരിക്കട്ടെ. മാനവ ജനതയുടെ ഉദ്ധാരകനായകന്റെ വാക്കുകൾ തന്റെ ചേതസ്സിന് വ്യതിയാനം വരുത്തുകയും ചെയ്തിരിക്കാം. പാപിയായ തന്നെ വിട്ട് പോകേണമെന്ന് ശീമോൻ ആത്മജനായ യേശുവിനോട് കേണു അപേക്ഷിച്ചെങ്കിലും ശീമോനെ തള്ളുകയോ വെറുക്കുകയോ ചെയ്തില്ല. പിന്നെയോ? ഇന്നു മുതൽ നീ മനുഷ്യരെപിടിക്കുന്നവൻ ആകും.(ലൂക്കൊസ് 5:10) എന്ന് ക്രിസ്തു പറയുകയുണ്ടായി. പിന്നെ അവൻപടകുകളെ അക്കരെ അടുപ്പിച്ചിട്ട് സകലവും വിട്ടു അവനെ അനുഗമിച്ചു?

(ലൂക്കൊസ് 5-11)

'കർത്താവിൽ പ്രിയ സ്നേഹിതരേ' നാം ആരെയാണ് അനുഗമിക്കുന്നത്. അന്ധകാരമാകുന്ന കറുത്ത കാടുകളിൽ കഴിയുന്ന പിശാചിനെയോ? നിത്യ ജീവ പ്രകാശത്തിലേയ്ക്ക് നയിക്കുന്ന യേശുദേവനെയോ? ദൈവ പുത്രനെ കുറിച്ച് അനവധി അഭിപ്രായങ്ങൾ പൊതുജനം ആരായുന്നു. ക്രിസ്തു ഒരു മതാദ്ധ്യക്ഷൻ, വിപ്ലവകാരി, സാമൂഹ്യ പരിഷ്ക്കർത്താവ്, ഉത്തമ ഗുരു എന്നീ നിലകളിലാണോ യഥാർത്ഥമായും ക്രിസ്തു ഈ മണ്ണിലേയ്ക്ക് നരാവതാരം ചെയ്തത്? ഒരിക്കലുമല്ല. പാപികളെ രക്ഷിക്കുവാൻ വേണ്ടിയാണ് ഒരു രക്ഷകനായി അവൻ ഭൂജാതനായത്. അവൻ ദൈവീക ആത്മജനാണെന്നതിന് അനേകം ദൃഷ്ടാന്തങ്ങൾ ചരിത്ര താളുകളിൽ കാണാവുന്നതാണ്''

ലോകത്തിൽ കീർത്തി സമ്പാദിച്ച മതസ്ഥാപകന്മാരിൽ വച്ചു, ക്രിസ്തുവിന്റെ കല്ലറ മാത്രമാണ് ഒഴിഞ്ഞു കിടക്കുന്നതായി അവകാശം ഉന്നയിക്കുന്നത്. അബ്രഹാം ബി. സി. 1900-ൽ നിര്യാതനായെങ്കിലും ദക്ഷിണ പലസ്തീനിലുള്ള ഹെബ്രോനിലെ മെൽപോ ഗുഹയിൽ അവനെ സംസ്ക്കരിച്ചു. ആ ഗുഹ ഇപ്പോൾ മുഹമ്മദീയ ആരാധനാലയത്താൽ പൊതിഞ്ഞിരിയ്ക്കയാണ്. അബ്രഹാം ഉയിർത്തെഴുന്നേററുവെന്നു ആരുംതന്നെ പ്രതിപാദിക്കുന്നില്ല.

മുഹമ്മദ്നബി. എ.ഡി. 632 ജൂൺ 8-ന് തന്റെ 64-ാം മത്തെ വയസ്സിൽ അറേബിയയിലെ മദീനായെന്നസ്ഥലത്തുവച്ചു മരിച്ചു. പക്ഷേ

ഉയിർത്തെഴുന്നേററിട്ടില്ല. അപ്രകാരം തന്നെ ഗൗതമ ബുദ്ധൻമരിച്ചു പുനരുത്ഥാനം ചെയ്തു എന്ന് ആരും തന്നെപ്രതിപാദിക്കുന്നില്ല. ബുദ്ധമത ചരിത്ര ഗ്രന്ഥങ്ങളിൽ കാണുന്നതുമില്ല. എന്നാൽ ക്രിസ്തുഒരു മതംസ്ഥാപിച്ചതായി ബൈബിളിൽ പ്രതിപാദിക്കുന്നില്ല. യേശു ക്രിസ്തു പറഞ്ഞത് യാഥാർത്ഥ്യമാണ്, ഞാനും പിതാവും ഒന്നാകുന്നു. താൻ ദൈവമാണെന്ന് സ്വയം പ്രഖ്യാപിച്ച ക്രിസ്തു വല്ലാതെ വേറെഒരുമതസ്ഥാപകനും ഇങ്ങനെവാദിക്കുന്നില്ല. ഹീന മനുഷ്യർക്കു വേണ്ടിതൻെറ പ്രാണനെ പലസ്തീൻ നാട്ടിലെ കാൽവരിമേടുകളിൽ ഒരു മഹത്യജ്ഞമായി വെടിഞ്ഞപ്പോൾ ന്യായപ്രമാണത്തിൻെറയും പ്രവചന ഗ്രന്ഥങ്ങളുടെയും നിവർത്തിയായി എന്നു ലോക ജനതയ്ക്ക്കാട്ടിക്കൊടുപ്പാനും കഴിഞ്ഞു. തൻെറ ഓമന ശരീരം റോമൻ പടയാളികൾക്ക് പിച്ചിച്ചീന്തുവൻ എറിഞ്ഞുകൊടുത്തപ്പോൾ യേശു ക്രിസ്തു അത്യന്തം സന്തുഷ്ടനായിരുന്നു.

ക്രിസ്തുദേവൻെറ മരണം ചരിത്രത്തിനും, ശാസ്ത്ര സാങ്കേതിക സംവൽസരങ്ങൾക്കും ഒരു പിളർപ്പു ഉണ്ടാക്കിക്കൊടുത്തു. പുതിയ നിയമ ചരിത്ര ശില്പിയാകുന്ന ക്രിസ്തു സമാധാനത്തിന് ദീപശിഖകൊളുത്തിക്കൊണ്ടു തൻെറ പ്രാണനെ ലോകജനതക്കായി വിട്ടുകൊടുത്തു: യെരുശലേം വീഥിയിൽ അഥവാ ക്രിസ്തു സഞ്ചരിച്ച നാട്ടിൽ അവ ൻെറ സ്വർഗ്ഗീയ പാദ മുദ്ര സമാധാന മുണ്ടാകുന്ന മനുഷ്യ ന് കാണുവാൻ സാധിക്കുന്നതാണ്. അവൻെറ മേനിയിൽനിന്ന് തൂകിയ ചുടുരക്തംകൊടുത്തു നമ്മെവിലയ്ക്ക് വാങ്ങിയത് നമ്മെക്കൊണ്ട് ആവശ്യമുള്ളതു കൊണ്ടു മാത്രമാകുന്നു. നാം ഭൂമിയിൽ ജീവിക്കുമ്പോൾ അന്യവ്യക്തികൾക്ക് ഏതൊരു കാരണവശാലും യാതൊരു ഉപദ്രവവും ഉണ്ടാക്കുവാൻ പാടില്ല. ഉണ്ടായാൽ അത് ദൈവീക പാദസ്ഥാനത്തിൽ നിന്ന് വിട്ടകന്നു പോകുന്ന ഒരു പ്രവണതയാണ്. ക്രിസ്തുവിൻെറ ആ ദിവ്യശബ്ദം ഇപ്രകാരമാകുന്നു. ''നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ'' സ്നേഹം സ്ഥിതി ചെയ്യുന്ന സ്ഥാനത്ത് യുദ്ധങ്ങളോ പ്രതിവാദങ്ങളോ ശണ്ഠയോ ഇവയൊന്നും കാണുകയില്ല. ഇന്നു പത്രമാസികകൾ നോക്കിയാൽ മനുഷ്യൻ പരസ്പരം സ്വയംമറന്ന് അക്രമങ്ങൾ നടത്തുന്നതായി വായിപ്പാൻ കഴിയും. അവിടെ സ്നേഹത്തിൻെറ ചെറിയ ചെറിയ കണികകൾ ഉണ്ടായിരുന്നുവെങ്കിൽ ഇപ്രകാരം സംഭവിക്കാംയില്ലായിരുന്നു. പ്രിയ വായനക്കാരെ നമുക്ക് ക്രിസ്തുവിൻെറ വരവു കാണുവാൻ സ്വർഗ്ഗീയ ഗാനം ആലപിച്ചുകൊണ്ട് പലസ്തീൻ നാട് കാണുവാൻ വീണ്ടും ഒരു പലസ്തീൻ പര്യടനം തുടരാം. സമാധാനത്തിൻെറ ഹസ്തങ്ങൾ കോർത്ത് പിടിച്ചു കൊണ്ട് സന്തോഷത്തോടെ ദിവ്യരക്ഷകനെ കാണുവാൻ കാൽവരിമേടയിലെ ക്രൂശിനെ ആലോകനം ചെയ്തു യാത്ര തുടരാം.

സാധു കൊച്ചുകുഞ്ഞ് എഴുതിയ ഈ ഗാനം എത്ര മധുരവും മനോഹരവുമായിരിക്കുന്നു.

ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ
പ്രാണനാഥൻ പ്രാണനാഥൻ എൻപേർക്കായ് ചാകുന്നു
ആത്മാവേ പാപത്തിൻ കാഴ്ച നീ കാണുക
ദൈവത്തിൻ പുത്രൻ ഈ ശാപത്തിലായല്ലോ?
ഇത്രമാ സ്നേഹത്തെ എത്രനാൾ തള്ളി ഞാൻ
ഈമഹാ പാപത്തെ ദൈവമേ ഓർക്കല്ലേ
പാപത്തെ സ്നേഹിപ്പാൻ ഞാനിനിപോകുമോ
ദൈവത്തിൻ പൈതലായ് ജീവിക്കും ഞാനിനി
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ
ശത്രുക്കൾ നിന്ദയും ദൂഷ്യവും ചൊല്ലുമ്പോൾ
ക്രൂശിൻമേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ
പാപത്തിൻ ശോധന കേമമായ്‌വരുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ
ആപത്തിൻ ഓളങ്ങൾ സാധുവെ തള്ളുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

# ഒരു ഭർത്താവിൻെറ ഉത്തരവാദിത്വങ്ങൾ

**കെ. അബു, എടത്തനാട്ടുകര**

ഒരു ഭർത്താവ് തൻെറ ഭാര്യയെ വളരെയധികം സ്നേഹിക്കുന്നവനും ശുശ്രൂഷിക്കുന്നവനുമായിരിക്കണം. അതോടൊപ്പം ഭാര്യയുടെ എല്ലാ ബന്ധുമിത്രാതികളെയും സ്നേഹിക്കുകയും കരുതുകയും ചെയ്യണം. ഭർത്താവ് തൻെറ ഭാര്യയോട് വിനയത്തോടുകൂടി പെരുമാറണം. ഭാര്യയുടെ ആഗ്രഹം ദൈവഹിതപ്രകാരം നടത്തികൊടുക്കണം.

ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം കഴിക്കുമ്പോഠം അവൻ തന്റെ അപ്പനെയും അമ്മയെയും മററ് എല്ലാവരെയുംവിട്ടു ഭാര്യയോട് പററിച്ചേരും. (ഇരുവരും ഒരു ദേഹമായിത്തീരും). ഭർത്താവ് അതുമിതും പറഞ്ഞ് വഴക്കുണ്ടാക്കുമ്പോഠം മാനസികമായി അവഠംക്ക് മുറിവേൽക്കുന്നു. ഭാര്യയുടെ കുടുംബത്തേക്കാഠം ശ്രേഷ്ഠമായിരിക്കും ഭർത്താവിന്റേത്. എന്നാൽ ഭർത്താവിന് തന്റെ കുടുംബത്തെപ്പോലെ ഭാര്യയുടെ കുടുംബത്തെയും ശ്രേഷ്ഠമായി കാണാൻ കഴിയണം.

ചില വീടുകളിൽ കുഞ്ഞുങ്ങഠം നന്നായി പഠിച്ചു മിടുക്കരായാൽ പറയും അച്ഛന്റെ വീട്ടുകാരുടെ ബുദ്ധിയും വിവേകവുമാണെന്ന്. നേരെ മറിച്ച് കുഞ്ഞുങ്ങഠം പഠിപ്പിൽ മോശമാണെങ്കിൽ പറയും അത് അവളുടെ വീട്ടുകാരുടെ ഗുണമാ എന്ന്. എല്ലായ്പോഴും കുററങ്ങളെല്ലാം അവഠംക്കും (ഭാര്യക്കും) അവളുടെ വീട്ടുകാർക്കുമാണ്.

ഭർത്താവ് തന്റെ മക്കളുടെ സാന്നിദ്ധ്യത്തിൽ എല്ലാ കാര്യങ്ങളും ഭാര്യയോട് സംസാരിക്കരുത്. തീരുമാനങ്ങഠം എടുക്കുമ്പോഴും ഭാര്യയും ഭർത്താവും തനിച്ചായിരിക്കുന്നതാണ് നല്ലത്. മക്കളോട് സംസാരിക്കേണ്ട സമയത്ത് സംസാരിച്ചാൽ മതി. ഭർത്താവിന്റെ കൂടെ നിന്ന് ഭവനത്തിന്റെ കാര്യങ്ങഠം ശ്രദ്ധിക്കുന്ന ഭാര്യയെ മററുള്ളവരുടെ മുമ്പിൽ ബലഹീനയാക്കരുത്.

യേശുക്രിസ്തുവിന്റെ സഭയെ സ്നേഹിച്ച് അവഠംക്ക് വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്തു പോലെ ഭർത്താവ് ഭാര്യയെ സ്നേഹിക്കേണ്ടതാണ്.

തീരുമാനങ്ങഠം എടുക്കുമ്പോഠം ഭാര്യയെ കൂടെ ഉഠംപ്പെടുത്തുന്നതു തികച്ചും അനുചിതമായിരിക്കും. സ്ത്രീ ബലഹീന പാത്രമെന്ന് കരുതി അവഠംക്ക് ബലം കൊടുക്കേണ്ടതു ഭർത്താവാണ്. മാതൃകാ ദമ്പതികളായി തീരുവാൻ ദൈവത്തിന്റെ ഉപദേശം കൂടിയേ തീരു. ഒരു ഭർത്താവും തക്കതായ കാരണം കൂടാതെ ഭാര്യയിൽ നിന്നും വേർപിരിഞ്ഞിരിക്കരുത്. പ്രാർത്ഥനക്കു മുടക്കം വരാതിരിക്കേണ്ടതിനു പരസ്പരസമ്മതത്തോടെയല്ലാതെ അകന്നു ജീവിക്കരുത്. അകാരണമായി അവരെ കുററപ്പെടുത്തരുത്.

ഭാര്യ ഭർത്താവിന്റെ അടിമയാണെന്ന ചിന്താഗതി ഒരിക്കലും ഭർത്താവ് ഉണ്ടാക്കി തീർക്കരുത്. വൈകാരിക ബന്ധത്തേക്കാഠം ജീവിത സഖിയായി ഭാര്യയെ കാണുക. അന്യോന്യം ഭാരങ്ങളെ പങ്കിടുക. ശാസിക്കേണ്ട സമയവും സന്ദർഭവും മനസിലാക്കി വേണം അതുചെയ്യുവാൻ. ഭാര്യയെ ഒരിക്കലും മററുള്ളവരുടെ മുൻപിൽ പുച്ഛിച്ചു സംസാരിക്കരുത്. അതു അവളുടെ മാനസികമായ അവസ്ഥക്കു പോറലേല്ക്കും.

# സത്യം ദൈവത്തിൽ നിന്നും

**മർക്കോസ് ബോംബെ**

ലോകത്തിൽ ഇന്നു ധാരാളം മതങ്ങൾ അവകാശപ്പെടുന്നത് അവയുടെയെല്ലാം മതങ്ങൾ ദൈവികവും സത്യവുമാണ് എന്നതാണ്. എങ്ങനെയായാലും അവയെല്ലാം വിശദമായി പരിശോധിക്കുമ്പോൾ അവയിലെല്ലാം. വ്യക്തമായ വൈപരീത്യം ദർശിക്കാം. ഓരോന്നിനും അതിന്റേതായ വഴി ദൈവത്തികലേക്കും പാപങ്ങളിൽനിന്നുള്ള രക്ഷയിലേക്കും വിരൽ ചൂണ്ടുന്നു. ദൈവത്തികലേക്കുള്ള എല്ലാ വഴികളും മതപരമായ എല്ലാ സംഹിതകളും സത്യമായിരിക്കുകയില്ല. സൃഷ്ടാവും ദൈവവും ഏകനായിരിക്കയാൽ, ദൈവത്തെ കുറിച്ചുള്ള വഴി ഒന്നു മാത്രമെ ആകാവൂ.

മനുഷ്യരുടെ തോന്നലുകളിൽനിന്നും വ്യത്യസ്ഥ വിചാരങ്ങളിൽനിന്നും മതങ്ങൾ ഉടലെടുത്തതുകൊണ്ടാണ് ദൈവത്തെ സംബന്ധിച്ച് ഭൂരിഭാഗം പേരും തെററിദ്ധരിക്കപ്പെട്ടിരിക്കുന്നത്. എങ്കിലും ഒരാളുടെ ഹൃദയത്തിൽ സത്യമാണെന്നു കരുതുന്നതുസത്യമായിരിക്കണമെന്നില്ല. വളരെക്കാലം മുൻപ് ആളുകൾ ധരിച്ചു വച്ചിരുന്നത്, ഭൂമി പരന്നതായിരുന്നു എന്നാണ്. എന്നാൽ ഇന്ന് നമുക്കറിയാം ഭൂമി ഉരുണ്ടതാണെന്ന്, കാരണം അതു തെളിയിക്കപ്പെട്ടു കഴിഞ്ഞു. മനുഷ്യർ എങ്ങനെ വിചാരിച്ചാലും ഭൂമി ഉരുണ്ടതു തന്നെയാണ്. അതാണ് സത്യം. വ്യക്തികളുടെ നിരൂപണങ്ങൾക്കപ്പുറമായി തികവുള്ള സത്യം നിലനില്ക്കുന്നു. അതുകൊണ്ട് ദൈവത്തെ സംബന്ധിച്ച പൂർണമായ സത്യം എന്താണ്? അവന്റെ ഉദ്ദേശവും ഇഷ്ടവും എന്ത്? മനുഷ്യന് ഇതറിയുവാൻ കഴിയുമോ? ഉത്തരം തീർച്ചയായും കഴിയും എന്നാണ്. ആ സത്യം മനസിലാക്കിത്തരുവാൻ തക്കവണ്ണം ദൈവം നല്ലവനും സ്നേഹവാനും ആകുന്നു. അവൻ നമ്മെ ഒരിക്കലും ഇരുട്ടിലോ, കലക്കത്തിലോ വിട്ടുകളയുകയില്ല. മനുഷ്യനു അറിയുവാനും മനസിലാക്കുവാനും പര്യാപ്തമായ രീതിയിലാണ് ദൈവം ആ സത്യം വെളിപ്പെടുത്തിയിരിക്കുന്നത്.

മുൻപ് സൂചിപ്പിച്ചതായ മതഗ്രന്ഥങ്ങൾ പരിശോധനക്കു വിധേയമാക്കപ്പെടുമ്പോൾ അവർ സത്യമെന്ന് കരുതുന്ന പലതും വൈരുദ്ധ്യ

ങ്ങൾ നിറഞ്ഞതായി കാണാം. അപ്പോക്രിഫ ഒരിക്കലും ദൈവത്തിൽ നിന്നും ഉളവായതല്ല. കാരണം നമ്മുടെ ദൈവം ഒരിക്കലും ഒരു കലക്കത്തിന്റെ ദൈവമല്ല. ദൈവിക നിലവാരം പുലർത്തുന്നവയാണോ അവയെന്ന് ഓരോന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. സമയവും ചരിത്രവും ശാസ്ത്രവും ഒത്തിണങ്ങി നില്ക്കുന്ന ഒന്ന് മറ്റെല്ലാ മതങ്ങളെയും അതിജീവിക്കുന്നതാണ്. പരാജയമടയാത്ത അത്ഭുതത്തിൽ ദൈവത്തിനു മാത്രം സാദ്ധ്യമാകുന്ന വിധത്തിൽ മനുഷ്യ മനസിലേക്കു എത്തിച്ചു കൊടുത്തു. ആ മഹത് ഗ്രന്ഥമാണ് വിശുദ്ധ വേദപുസ്തകം. അനേകം ഉദാഹരണങ്ങളിലൂടെ അതു ദൈവത്തിൽ നിന്നും വന്ന സത്യമാണെന്ന് തെളിയിക്കാവുന്നതാണ്

## സന്ദേശത്തിന്റെ ഐക്യം.

40 എഴുത്തുകാരാൽ 1600 വർഷങ്ങൾകൊണ്ട് എഴുതി തീർന്ന ഈ ഗ്രന്ഥത്തിൽ വൈപരീത്യം കണ്ടെത്താൻ കഴിയുന്നില്ല. എന്തുകൊണ്ടിതു സംഭവിച്ചു? ദൈവശ്വാസീയരായ മനുഷ്യർക്കു മാത്രമെ ഇതു സാദ്ധ്യമാകൂ. ഉല്പത്തി മുതൽ വെളിപ്പാടുവരെയുള്ള ഈ 66 പുസ്തകങ്ങളിൽ കാണാവുന്ന ഒരു പ്രത്യേകതയെന്തെന്നാൽ പൊതുവായ ഒരു വിഷയത്തെയാണ് പ്രതിപാദിക്കുന്നതു എന്നതാണ്. സർവ്വ മനുഷ്യരുടേയും പാപ പരിഹാരം യേശു ക്രിസ്തുമുഖാന്തരമാണ് എന്നായിരുന്നു അവരുടെയെല്ലാവരുടേയും വിഷയം. രാജാക്കന്മാർ തുടങ്ങി മുക്കുവന്മാർ വരെയുള്ള ജീവിതത്തിലെ വ്യത്യസ്ഥ മേഖലയിലുള്ള ആളുകൾ, വിവിധ കാലയളവിൽ എഴുതിയ ഏകീകൃത സന്ദേശമാകയാൽ അതു ദൈവത്തിൽ നിന്നും കിട്ടിയ സത്യമാണ് എന്നതിനു തർക്കമില്ല.

## പ്രവചന നിവർത്തീകരണം

ബൈബിൾ എഴുതിയ ലേഖകന്മാരിൽ നിരവധി പേർ ഭാവിയിൽ നടക്കാൻ പോകുന്ന സംഭവങ്ങൾ പ്രവചിട്ടുണ്ട്. ഈ പ്രവാചകന്മാർ സംസാരിച്ചിരുന്ന കാര്യങ്ങൾ അതേ പോലെ സംഭവിച്ചതിനാൽ പ്രവാചകന്മാരിൽ ഉണ്ടായിരുന്ന മുന്നറിവ് ദൈവം നല്കിയതായിരുന്നു എന്നു തെളിയിക്കുകയാണ് ചെയ്തത്. വേദ പുസ്തക സംഭവങ്ങളുടെ വിവരണം നോക്കിയാൽ അവ സംഭവിക്കുന്നതിനു നൂറുകണക്കിനു വർഷങ്ങൾക്കു മുമ്പു തന്നെ അവ പ്രസ്താവിക്കപ്പെട്ട കാര്യമാണ്. ഉദാഹരണമായി മീഖാ പ്രവാചകൻ ജീവിച്ചിരുന്നതു യേശു ക്രിസ്തുവിന് 800 വർഷങ്ങൾക്ക് മുൻപാണ്. അവനായിരുന്നു. യേശു ബേത്ലഹേമിൽ ജനിക്കുമെന്ന് മുൻപു കൂട്ടി അറിയിച്ചിരുന്ന പ്രവാചകൻ (മീഖാ 5:9) യേശു കന്യകയിൽ ഭൂജാതനാകുമെന്ന് അതേ കാലയളവിൽ ജീവിച്ചിരുന്ന മറ്റൊരു പ്രവാചകനായിരുന്ന യെശ

യ്യാവ് പറഞ്ഞിരുന്നു (യേശയ്യാവ് 7.14) ഇവർക്ക് ഈ മുന്നറിവ് എവിടെ നിന്നു കിട്ടി? ദൈവത്തിൽ നിന്നു മാത്രം. ഇതുപോലെയുള്ള മററെല്ലാ പ്രവചനങ്ങളും നിറവേറിയതു തെളിയിക്കുന്നതു, ബൈബിൾ വിശ്വാസ യോഗ്യമായതും സത്യമായതും ദൈവത്തിൽ നിന്നു വന്നതുമാകുന്നു എന്നത്രേ.

## ശാസ്ത്രീയ മുന്നറിവ്

ശാസ്ത്രീയ കൃത്യനിഷ്ഠ സത്യത്തിനുള്ള തെളിവാണ്. ആയിരക്കണക്കിന് വർഷങ്ങൾക്കു മുൻപ് ജനങ്ങൾ വിചാരിച്ചിരുന്നതു ഭൂമി പരന്നതായിരുന്നു എന്നാണ്. അതിനെതിരായി ഭൂമി ഉരുണ്ടതാണെന്നു തെളിയിച്ച ശാസ്ത്രജ്ഞനെ മതഭ്രാന്തന്മാർ നാടുകടത്തിയതായും നിങ്ങൾക്കറിയാമല്ലോ. എന്നാൽ ഇതിനെല്ലാം എത്രയോ വർഷങ്ങൾക്കു മുൻപ് ദൈവം തന്റെ പ്രവാചകന് ഈ അറിവ് നല്കിയിരുന്നു. അതായത് ഭൂമി വൃത്താകൃതിയിലാണ് (യെശയ്യാവ് 40:22) ക്രിസ്തുവിന് ആയിരം വർഷങ്ങൾക്കു മുൻപ് ജീവിച്ചിരുന്ന ദാവീദ് എഴുതുകയുണ്ടായി, സമുദ്രത്തിൽ മാർഗ്ഗമുണ്ടെന്ന് (സങ്കീർത്തനം 8;8) മാത്യു മൗരി ഈ സത്യം വായിക്കുന്നതുവരെ സമുദ്രപാത മനുഷ്യ മനസ്സിൽ എത്തിയിരുന്നില്ല. പിന്നീട് അത് കണ്ടെത്തിയപ്പോൾ വാഹനങ്ങൾ ഇന്നു സമുദ്രത്തിൽ കൂടെ ചീറി പായുന്നു.

## ചരിത്രപരമായ കൃത്യത

ബൈബിളിൽ പ്രതിപാദിച്ചിരിയ്ക്കുന്ന ഹിത്യരെ കുറിച്ച് പണ്ഡിതന്മാർക്ക് നൂററാണ്ടുകളോളം യാതൊരറിവും കിട്ടാതിരുന്നതു കൊണ്ട് അതൊരുകെട്ടുകഥയായിരിയ്ക്കും എന്നുവിചാരിച്ചു(ഉല്പത്തി:15:20) എന്നാൽ അടുത്ത കാലത്തു കണ്ടുപിടിക്കപ്പെട്ട മിസ്രയീമ്യരുടേയും അരൂരുടേയും രേഖകൾ തെളിയിക്കുന്നതു, അന്നു ജീവിച്ചിരുന്ന ഒരു ശക്തമായ ദേശമായിരുന്നു ഹിത്യ എന്നാണ്. 700 വർഷത്തോളം അവർ പ്രബലമായ ഒരു ശക്തിയായിരുന്നു എന്നും കാണുന്നു. അതേപോലെ ലൂക്കോസിന്റെ വിവരങ്ങളിൽ ഗല്ലിയോൻ അഖായയിൽ ദേശാധിപതിയായി വാണു എന്നു പറയുന്നു (പ്രവൃത്തി 18:12) ബൈബിളിനു പുറത്തുള്ള രേഖകൾ ഒന്നും ഇതിനെ സാധുകരിക്കുന്നതായി കാണാത്തതുകൊണ്ട് അനേകർ വിചാരിച്ചു അതു ബൈബിളിലെ ഒരു തെററായ വിവരമാണെന്ന്. എന്നിരുന്നാലും അടുത്തകാലത്ത് കൊരിന്തിൽ നിന്നു കണ്ടെടുത്ത ഒരു കല്ലിൽ 'അഖായയിലെ ഗല്ലിയോൻ A. D 51-51 എന്ന് എഴുതിയിരിയ്ക്കുന്നതുകണ്ടെത്തി. ഒരു വർഷമേ അയാൾ അധിപതിയായിരുന്നുള്ളു വെങ്കിലും ബൈബിൾ സത്യമാണെന്ന് തെളിയിക്കുന്ന ഒന്നായിരുന്നു ആ കണ്ടുപിടുത്തം.

# ഉപസംഹാരം

ഇതെല്ലാം, കൂടാതെ തെളിയിക്കപ്പെട്ട കണ്ടുപിടുത്തങ്ങളെല്ലാം വിരൽ ചൂണ്ടുന്നതു ഒരേ ഒരു കാര്യത്തിലേക്ക്. ബൈബിൾ ദൈവത്തിൽ നിന്നും ലഭിച്ച സത്യമായ ഗ്രന്ഥമാണ് എന്നത്രേ അത്. വാസ്തവം അതായിരിക്കേ ഈ പുസ്തകത്തെ മാത്രമേ പാപത്തിൽനിന്നു മോചനം നേടുവാൻ നാം ആശ്രയിക്കാവൂ. മനുഷ്യന്റെ ദൈവത്തോടു ബന്ധിപ്പിക്കുന്നതിൽ വ്യക്തമായതും പ്രായോഗികമായതുമായ കാര്യങ്ങൾ നമുക്കു നല്കുന്നതു ഇതിലൂടെ മാത്രം. ദൈവം മനുഷ്യനായി ക്രിസ്തുവിൽ കൂടെ ജനനം എടുത്ത് സന്മാർഗ്ഗ ജീവിതം സാദ്ധ്യമാക്കിതീർത്തു. ജീവനുള്ള ഏക ദൈവം സത്യമാർഗ്ഗം എന്തുകൊണ്ട് നമുക്കെല്ലാവർക്കും ഒരുമിച്ച് സ്വീകരിച്ചുകൂടാ? ദൈവത്തിൽ നിന്നും ലഭിച്ചതായ സത്യമാർഗ്ഗമല്ലേ അവനെ പ്രസാദിപ്പിക്കുവാൻ നാം പിൻ പററേണ്ടത്? ഇത് അംഗീകരിക്കുവാൻ പ്രയാസമുണ്ടോ? ചിന്തിക്കുക, പ്രവർത്തിക്കുക സത്യം ഒന്നു മാത്രം നിങ്ങളെ എന്നുമെന്നും പിന്തുടരും. മററുള്ളവയെല്ലാം നിഷ്പ്രഭമാകും.

ആധുനിക യുഗത്തിൽ നാം പലതിനും മുൻതൂക്കം കൊടുത്തുകൊണ്ടിരിക്കുന്ന കാലഘട്ടമാണല്ലോ ഇത്. ബുദ്ധിജീവികൾ എന്ന് അവകാശപ്പെടുന്ന ഒരുപാട് പേർ ഉണർന്ന് പ്രവർത്തിക്കേണ്ടതിന്ന് നൽകപ്പെട്ട അമൂല്യ ഗ്രന്ഥമാണ് വിശുദ്ധ വേദപുസ്തകം. അതു നിങ്ങളുടേയും എന്റേയും ജീവിതത്തിൽ മാററം വരുത്തുവാൻ പര്യാപ്തവും ശക്തവുമായ ഒന്നാണ്. വിശ്വസിക്കുക. പൂർണ്ണമായി പ്രയോജനപ്പെടുത്തുക. അത് നിങ്ങളേയും എന്നേയും ഒരുപോലെ പുഷ്ടിപ്പെടുത്തുന്ന ആദ്ധ്യാത്മിക പരിജ്ഞാനമാണ്.

(5-ാം പേജിന്റെ തുടർച്ച)

(സങ്കീർത്തനം 14:1). എബ്രായലേഖകൻ പറയുന്നതു ശ്രദ്ധിക്കുക ''എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ (എബ്രായർ 11:6).

ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. അവൻ ദൈവത്തിൽ നിന്നു വന്നു എന്നും ദൈവപുത്രനാണെന്നും, മനുഷ്യരുടെ പാപങ്ങൾക്കായി ക്രൂശിൽ മരിച്ചു എന്നും ഞാൻ വിശ്വസിക്കുന്നു (യോഹന്നാൻ 3:16, 17; റോമർ 5:8). ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവയിലും, അവൻ ഇപ്പോൾ സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തു ഭാഗത്തു ഭരിച്ചു കൊണ്ടിരിക്കുന്നു എന്നും വീണ്ടും വന്നു തന്റെ ആളുകളെ അവൻ ചേർത്തു സ്വർഗ്ഗത്തിലേക്കു ആനയിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. (1 കൊരിന്ത്യർ 15:1-4; പ്രവൃത്തി 2:22;23: യോഹന്നാൻ 14:1-3) ക്രിസ്തു പറഞ്ഞു ''ദൈവത്തിൽ വിശ്വസിപ്പിൻ; എന്നിലും വിശ്വസിപ്പിൻ'' (യോഹന്നാൻ 14:1). യേശുവിന്റെ പ്രസ്താവന കേട്ടുകൊൾവിൻ, ''ആകയാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്നു ഞാൻ നിങ്ങളോടു പറഞ്ഞു; ഞാൻ അങ്ങനെയുള്ളവൻ എന്നു വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്നു പറഞ്ഞു'' (യോഹന്നാൻ 8:24).

ഞാൻ രക്ഷിക്കപ്പെട്ടവനാണ്. അവന്റെ വചനം കേട്ടു വിശ്വസിക്കുകയും എന്റെ പാപങ്ങളിൽ നിന്നും മാനസാന്തരപ്പെട്ടു, ക്രിസ്തുവിലുള്ള വിശ്വാസം ഞാൻ ഏററു പറഞ്ഞ്, പാപങ്ങളുടെ മോചനത്തിനായി സ്നാനമേല്ക്കുകയും ചെയ്തു. കാരണം യേശു ക്രിസ്തു പറഞ്ഞു, ''വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:16). കൂടാതെ റോമർ 10:17; പ്രവൃത്തി 17:30; മത്താ. 10:32: പ്രവൃത്തി 2:32 എന്നീ വാക്യങ്ങൾ കൂടെ ദയവു ചെയ്തു വായിക്കുക.

ഞാൻ വീണ്ടും ജനിക്കപ്പെട്ട വ്യക്തിയാണ്. നമ്മുടെ രക്ഷകൻ പറഞ്ഞു, ''ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയില്ല. സുവിശേഷം അനുസരിക്കുന്നതിലൂടെ, കർത്താവിന്റെ കല്പനകൾ അനുസരിച്ചപ്പോൾ ഞാൻ അതു ചെയ്യുകയുണ്ടായി. അവന്റെ മരണത്തിലും അടക്കത്തിലും ഉയർപ്പിലും പങ്കാളിയാകുവാൻ ഞാൻ സ്നാനമേററപ്പോൾ എനിക്കു, കർ

ത്താവിന്റെ സഭയിലും ദൈവരാജ്യത്തിലും അവന്റെ ഭവനത്തിലും ഞാൻ പ്രവേശിക്കുകയുണ്ടായി (റോമർ 6:3; പ്രവൃത്തി 2:47).

ക്രിസ്തുവിന്റെ സഭയിലെ അംഗമാണ് ഞാൻ. ഞാൻ പറഞ്ഞതുപോലെ കർത്താവിലുള്ള എന്റെ അനുസരണം നിമിത്തം അവൻ എന്നെ രക്ഷിക്കുകയും തന്റെ സഭയിലേക്കു എന്നെ ചേർക്കുകയും ചെയ്തു. അത്തരം അനുസരണമുള്ള വ്യക്തികളെ ദൈവം രക്ഷിക്കുകയും പിന്നീട് അവരെ എന്തു ചെയ്യുമെന്നും പത്രോസ് പറയുകയുണ്ടായി. ''കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തി 2:47). മറ്റൊരു രീതിയിൽ പറഞ്ഞാൽ കർത്താവിന്റെ സഭയിൽ പ്രവേശിക്കുന്നതിനായി ഞാൻ സ്നാനമേററു എന്നു വ്യക്തമാക്കാം. യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനമേററും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു (1 കൊരിന്ത്യർ 12:13) ഇവിടെ പറയുന്ന ഒരു ശരീരം സഭയാണ് (കൊലോസ്യർ 1:18; എഫേസ്യർ 1:22,23).

ഞാൻ ക്രിസ്തുവിലാണ്. സ്നാനമേററതിനാൽ ഞാൻ ക്രിസ്തുവിൽ ആയിതീർന്നു. പൗലോസ് പറഞ്ഞു,, അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനമേററിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? (റോമർ 6:3). മററൊരവസരത്തിൽ അതേ അപ്പൊസ്തലൻ പ്രബോധിപ്പിച്ചത്, ''ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു (2 കൊരിന്ത്യർ 5:17).

പരിശുദ്ധാത്മാവ് എന്ന ദാനം കിട്ടിയ വ്യക്തിയാണ് ഞാൻ. പരിശുദ്ധാത്മാവിന്റെ അത്ഭുതശക്തി എന്നിൽ ഇല്ല എങ്കിലും പരിശുദ്ധാത്മാവ് എന്നിൽ വസിക്കുന്നുണ്ട്. രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന് അറിയുവാൻ ആഗ്രഹം പ്രകടിപ്പിച്ചവരോട് പത്രോസ് പറയുകയുണ്ടായി, ''നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ടുപാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽപ്പിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (പ്രവൃത്തി 2:38). ദൈവവും ക്രിസ്തുവും എന്നിൽ വസിക്കുന്നതു പോലെ പരിശുദ്ധാത്മാവും എന്നിൽ വസിക്കുന്നു (എഫേസ്യർ 4:6; കൊലൊസ്യർ 1:27).

ഞാൻ ഒരു ദൈവമകനാണ്. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേററിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാത്യർ 3:26,27).

ഞാൻ ഒരു ക്രിസ്ത്യാനിയാണ്. യേശുവിനെ പിൻപററി അവനെ അനുസരിക്കുന്നതുകൊണ്ട് ഞാൻ ഒരു ക്രിസ്ത്യാനിയായി തീർന്നു. അതായത്, അവൻെറ നാമം ഞാൻ ധരിക്കുകയും വാക്കിനാലും ക്രിയയാലും ക്രിസ്തുവിനെ പോലെ ആകുവാൻ ഞാൻ അദ്ധ്വാനിക്കുകയും ചെയ്യുന്നു. രക്ഷ ക്രിസ്തുവിൻെറ നാമത്തിൽ മാത്രമാണുള്ളത്. (പ്രവൃത്തി 4:12). അന്ത്യോക്യയിലെ ശിഷ്യൻമാർ എല്ലാവരും ക്രിസ്ത്യാനികളായിരുന്നു (പ്രവൃത്തി 11:26). ആ നാമം ധരിച്ച് കഷ്ടം സഹിക്കേണ്ടി വന്നാൽ ലജ്ജിക്കരുതെന്ന് പത്രോസ് പറഞ്ഞിരിക്കുന്നു (1 പത്രോസ് 4;16).

ഞാൻ ദൈവത്തെ ആരാധിക്കുന്ന ഒരു വ്യക്തിയാണ്. ക്രിസ്തു പറയുകയുണ്ടായി, ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം (യോഹന്നാൻ 4;24)

ഞാൻ കർത്താവിൻെറ ഒരു വേലക്കാരനാണ്. ഞാൻ അവനെ സേവിക്കുന്നതിൽ ശുഷ്ക്കാന്തി പുലർത്തുന്നു. അവൻെറ വചനം ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്ത് അവനായി ജീവിക്കുവാൻ സമർപ്പിക്കപ്പെട്ടിരിക്കുന്നു. പൗലോസ് പ്രസ്താവിക്കുന്നതു കേൾക്കുക. "ആകയാൽ എൻെറ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിൻെറ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ (1 കൊരിന്ത്യർ 15:58)

ഞാൻ ഒരു മാതൃകയാണ്. മററുള്ളവരെ ഞാൻ അറിയുകയും അവരോടുള്ള എൻെറ സമീപനം അവർക്കു പ്രയോജനകരമായിരിക്കുകയും ചെയ്യും. ഈമാതൃക അവരെ ക്രിസ്തുവിലേക്കു അടുപ്പിക്കുകയോ അല്ലെങ്കിൽ അകററുകയോ ചെയ്യും. ക്രിസ്തുപറഞ്ഞു, 'അങ്ങനെതന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്തായി 5:16).

അതേ ഞാൻ അതും അതിലധികവുമാണ് എന്നു പറയാം. ഞാൻ ആരാണെന്നു എനിക്കറിയാം; എവിടെ നിന്നു വന്നു എന്നും എന്തിനു വന്നു എന്നും ഇനി എവിടെ പോകുന്നു. എന്നും ഞാൻ അറിയുന്നു. അതു ഭൂരി ഭാഗവും ആളുകൾക്കു പറയാൻ കഴിയുന്നതിലധികമാണ്. അധിക പങ്കും ആളുകൾക്ക് അവർ ആരെന്നു അറിഞ്ഞു കൂടാ. നിരവധി പേർക്ക്, അവർ എവിടെ നിന്നു വന്നു എന്നോ, എന്തുകൊണ്ടിവിടെ എത്തി എന്നോ, എവിടേക്കു പോകുന്നു എന്നോ അറിഞ്ഞുകൂടാ. ചിലർ വിചാരിക്കുന്നതു, അവർ ചെറിയ ഒരു മൃഗത്തിൽ നിന്നും വന്നു എന്നാണ്. അവർ ഒരു നിത്യ ദൈവത്തിൽ വിശ്വസിക്കുന്നില്ല.

ആത്മാവെന്ന ആശയവും അവർക്കില്ല. അവർ മരിക്കുമ്പോൾ മൃഗങ്ങളെപ്പോലെ ആയിത്തീരുന്നു എന്നാണ് അവർ കരുതുന്നത്. അതായത്, മരണത്തോടെ ജീവിതം അവസാനിക്കുന്നുഎന്നും പിന്നീട് ഒരു ജീവിതമില്ലെന്നും അവർ വിശ്വസിക്കുന്നു. എത്ര ഖേദകരമാണെന്നു നോക്കുക. ഒരു നാൾ അവർ ദൈവത്തിന്റെ ന്യായാധിപസഭയുടെ മുമ്പാകെ നിന്ന് അവർ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടവരാണെന്ന് അവർ അറിയുന്നില്ല. പിന്നീടോ അവർ നിത്യനാശത്തിനായി ഗന്ധകം കത്തുന്ന തീ പൊയ്കയിലേക്കു തള്ളപ്പെടും. അങ്ങനെ അവരുടെ അന്ത്യം പിശാചിനോടു കൂടെ കഴിക്കേണ്ടി വരും. ദൈവത്തിൽ വിശ്വസിച്ച് അവന്റെ കല്പനകൾ അനുസരിച്ച് ജീവിച്ചാൽ എത്ര എളുപ്പം നിത്യജീവൻ ദൈവത്തോടു കൂടെ കഴിക്കാം എന്നതു അങ്ങനെയുള്ളവർ മനസിലാക്കിയെങ്കിൽ.

ലോകത്തിൽ ബഹുജനം വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. അവർജന്മപാപത്തോടു കൂടി വന്നു എന്നാണ് ധരിച്ചു വച്ചിരിക്കുന്നതു. കാരണം അവർ, മനുഷ്യ നിർമ്മിതമായ മതങ്ങളേയും മനുഷ്യരുടെ കല്പനകളേയുമാണ് അവർ പിൻ പറ്റുന്നത്. മനുഷ്യരാൽ ആരംഭിച്ചതും ദൈവ ഹിതത്തിനു വിപരീതവുമായ ഇത്തരം സഭകൾ ജനങ്ങളെ ആകർഷിക്കത്തക്ക രീതിയിൽ കെട്ടപ്പെട്ടിരിക്കുന്നു. ചിലതു മനുഷ്യനാമങ്ങളാൽ അറിയപ്പെടുന്നു. അവർ രക്ഷിക്കപ്പെട്ടുവെന്നും സ്വർഗ്ഗത്തിൽ പോകുമെന്നും വിശ്വസിച്ചാൽ പോലും അവരാരും സ്വർഗ്ഗത്തിൽ പോവുകയില്ല എന്നു കർത്താവു പറഞ്ഞിരിക്കുന്നു. അവരുടെ പ്രത്യാശ അവരുടെ സ്വന്തം കാര്യങ്ങളിലും അവരെ നയിക്കുന്നവർ നല്കുന്ന മോഹന വാഗ്ദാനങ്ങളിലുമാണ്. അവർ ദൈവത്തിലും ദൈവത്തിന്റെ വാഗ്ദാനങ്ങളിലും പ്രത്യാശ വെച്ചിരുന്നെങ്കിൽ!

എന്റെ സ്നേഹിതാ നിങ്ങൾ ആരാണ്? നിങ്ങൾക്കു വാസ്തവത്തിൽ അതറിയാൻ താല്പര്യമുണ്ടെങ്കിൽ ബൈബിളിലേക്കു തിരിയുക. അതു ദൈവ വചനമാണ്, നിങ്ങൾക്ക് ആവശ്യമുള്ള വർത്തമാനം അതു നല്കും. നിങ്ങൾ എന്തുകൊണ്ടാണ് ഇവിടെ വന്നതെന്നും, എവിടെ നിന്നാണ് എത്തിയതെന്നും ഇനി എവിടെ പോകുന്നുവെന്നും അതു വ്യക്തമാക്കി തരും. രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം, സ്വർഗ്ഗത്തിൽ പോകുവാൻ എന്താണ് മാർഗ്ഗം, ഇതെല്ലാം സ്പഷ്ടമായി നിങ്ങളെ മനസിലാക്കി തരുന്ന ഒന്നാണ് വേദപുസ്തകം. സമയവും അവസരവുമുള്ള ഇപ്പോൾ തന്നെ എന്തുകൊണ്ട് നിങ്ങൾക്ക് അതിനു ശ്രമിച്ചു കൂടാ? അങ്ങനെ ചെയ്താൽ പിന്നീട് നിങ്ങൾക്കു ദു:ഖിക്കേണ്ടി വരികയില്ല.

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnanasundaram and J. C Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049

Mondays— 9 : 00 to 9 : 15 P M.
Fridays— 7 : 45 to 8 : 00 P M.

HINDI—*Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi-110049.

Thursdays— 7 : 15 P.M to 7.30 P.M
Fridays — 8 : 00 P.M. to 8. 15 P. M.
Saturdays —8.00 P.M. to 8 15 P.M
Sundays — 9.00 A,M to 9.15 A.M

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 60, Kakinada-533001

Sundays— 2 : 30 to 2 : 45 P.M.
Tuesdays— 2 : 30 to 2 : 45 P M.
Thursdays - 2 : 30 to 2 : 45 P.M.
Fridays— 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL—*"The Way of Truth"*—Speaker : P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore-560084.

Tuesdays— 5 : 30 to 5 : 45 P M.
Thursdays— 6 : 45 to 7 : 00 P.M.
Sundays— 6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum-34, Kerala.

Tuesdays & Fridays— 3 : 15 to 3 : 30 P.M.

KANNADA—The Voice of truth-Speaker Robert Rathnakar-Box. 448, Bangalore-560004

Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Prinetd and Published by P K. Varghese Church of Christ Tvm: Printed at P.P Press, for Santhosh Printers Trivandrum.

Reg: No. K. Dis 90095/ 86/ A8, Regd. No KL/TV (N) 22

* You are Cordially Invited *
To Attend

Services and Bible studies

Sunday 10 a.m.
Tuesday 6.30 p. m

Meeting place

CHURCH OF CHRIST BUILDING
Sunny Meads Lane
Behind Sanskrit College, palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From
THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram-695034